सत्यमेव जयते

Government of India

भारत का राजपत्र

# THE GAZETTE OF INDIA

ഭാരതത്തിന്റെ ഗസറ്റ്

असाधारण

**EXTRAORDINARY**

അസാധാരണം

भाग XI—अनुभाग I

PART XI—SECTION I

ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित

**Published by Authority**

അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | |
|---|---|---|---|---|---|---|---|
| सं० | 4139 | नई दिल्ली | मंगलवार | 31 दिसंबर 2024/ | 10 पौष 1946 (शक) | खण्ड | 13 |
| No. | 4139 | NEW DELHI | Tuesday | 31 December 2024/ | 10 Pousha, 1946 (Saka) | Vol. | 13 |
| നമ്പർ | 4139 | ന്യൂഡൽഹി | ചൊവ്വ | 31 ഡിസംബർ 2024/ | 10 പൌഷം, 1946 (ശക) | വാല്യം | 13 |


## MINISTRY OF LAW AND JUSTICE

### (Legislative Department)

*New Delhi, 16th October, 2023/24th Aswina, 1945 (Saka).*

The translation in Malayalam of The National Green Tribunal Act, 2010 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റ്, 2010-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

S.K.G. RAHATE,

*Secretary to the Government of India.*

GCPT 212/159/2024/S-4.

# ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റ്, 2010

(2010-ലെ 19-ാം നമ്പർ ആക്റ്റ്)

പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമപരമായ അവകാശത്തിന്റെ നടപ്പാക്കലും ആളുകൾക്കും വസ്തുവിനും ഉള്ള നാശനഷ്ടങ്ങൾക്കായി ആശ്വാസവും നഷ്ടപരിഹാരവും നൽകുന്നതും ഉൾപ്പെടെ പരിസ്ഥിതി സംരക്ഷണവും വനങ്ങളുടെയും മറ്റു പ്രകൃതി വിഭവങ്ങളുടെയും പരിപാലനവും സംബന്ധിച്ച കേസുകളുടെ ഫലപ്രദവും വേഗത്തിലുള്ളതുമായ തീർപ്പാക്കലിനുവേണ്ടി ഒരു ദേശീയ ഹരിത ട്രിബ്യൂണൽ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ സംഗതികൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

മാനവ പരിസ്ഥിതിയുടെ സംരക്ഷണത്തിനും അഭിവൃദ്ധിപ്പെടുത്തലിനും സമുചിതമായ നടപടികളെടുക്കുന്നതിന് രാഷ്ട്രങ്ങളോട് ആഹ്വാനം ചെയ്ത, 1972 ജൂണിൽ സ്റ്റോക്ക്ഹോമിൽ നടന്ന, ഭാരതം പങ്കെടുത്ത ഐക്യരാഷ്ട്ര മാനവ പരിസ്ഥിതി സമ്മേളനത്തിലെടുത്ത തീരുമാനങ്ങളിൽ ഭാരതം ഒരു കക്ഷിയായതിനാലും;

പരിഹാരവും പ്രതിവിധിയും ഉൾപ്പെടെ നീതിന്യായവും ഭരണപരവുമായ നടപടികളിൽ ഫലപ്രദമായ പ്രാപ്യത വ്യവസ്ഥ ചെയ്യുന്നതിനും ബാദ്ധ്യതയും മലിനീകരണത്തിന്റെയും മറ്റു പാരിസ്ഥിതിക നാശനഷ്ടത്തിന്റെയും ദുരിതമനുഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരവും സംബന്ധിച്ച ദേശീയ നിയമങ്ങൾ വികസിപ്പിക്കുന്നതിനും രാഷ്ട്രങ്ങളെ ആഹ്വാനം ചെയ്യുന്ന തീരുമാനങ്ങൾ 1992 ജൂണിൽ റിയോഡിജനറോയിൽ നടന്ന, ഭാരതം പങ്കെടുത്ത, ഐക്യരാഷ്ട്ര പരിസ്ഥിതിയും വികസനവും സമ്മേളനത്തിൽ എടുത്തതിനാലും;

ആരോഗ്യകരമായ പരിസ്ഥിതിക്കുള്ള അവകാശം ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൻ കീഴിലെ ജീവിക്കുവാനുള്ള അവകാശത്തിന്റെ ഒരു ഭാഗമായി ഭാരതത്തിലെ നീതിന്യായ പ്രഖ്യാപനങ്ങളിൽ അർത്ഥം കൽപ്പിച്ചിരിക്കുന്നതിനാലും;

മുൻപറഞ്ഞ സമ്മേളനങ്ങളിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവിധ വിജ്ഞാനശാഖാ സംബന്ധിയായ വിഷയങ്ങൾ ഉൾക്കൊള്ളുന്ന കാരണത്താൽ ഒരു ദേശീയ ഹരിത ട്രിബ്യൂണൽ ഉണ്ടാകണമെന്നതും യുക്തമെന്ന് കരുതുന്നതിനാലും;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I
## പ്രാരംഭികം

ചുരുക്കപ്പേരും പ്രാരംഭവും.

1. (1) ഈ ആക്റ്റിന് ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റ്, 2010 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ[1] പ്രാബല്യത്തിൽ വരുന്നതാണ്.

നിർവ്വചനങ്ങൾ.

2. (1) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) ''അപകടം'' എന്നാൽ അപായസാദ്ധ്യതയുള്ള ഏതെങ്കിലും വസ്തുവോ ഉപകരണമോ പ്ലാന്റോ വാഹനമോ കൈകാര്യം ചെയ്യുന്നതിനിടയിൽ ഏതെങ്കിലും ആൾ തുടർച്ചയായോ, ഇടവിട്ടോ, ആവർത്തിച്ചോ മരണത്തിനോ അല്ലെങ്കിൽ ക്ഷതത്തിനോ വിധേയനാകുന്നതിലേക്കോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിനോ പരിസ്ഥിതിക്കോ നാശനഷ്ടമുണ്ടാക്കുന്നതിലേക്കോ പരിണമിക്കുന്ന ഒരു യാദൃശ്ചികമായതോ പെട്ടെന്നുണ്ടായതോ ഉദ്ദേശിക്കാത്തതോ ആയ സംഭവം ഉൾക്കൊള്ളുന്ന ഒരു അപകടം എന്നർത്ഥമാകുന്നതും യുദ്ധമോ പൗരപ്രക്ഷോഭമോ കാരണമായി മാത്രം ഉണ്ടാകുന്ന ഒരു അപകടം ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു;

(ഖ) ''ചെയർപേഴ്സൺ'' എന്നാൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ എന്നർത്ഥമാകുന്നു;

(ഗ) ''പരിസ്ഥിതി'' എന്നതിൽ ജലം, വായു, ഭൂമി എന്നിവയും ജലം, വായു, ഭൂമി, മനുഷ്യർ, മറ്റ് ജീവജാലങ്ങൾ, സസ്യങ്ങൾ, സൂക്ഷ്മജീവി, വസ്തു എന്നിവയ്ക്കിടയിലും അവ തമ്മിലും നിലനിൽക്കുന്ന പരസ്പരബന്ധവും ഉൾപ്പെടുന്നു;

(ഘ) ''വിദഗ്ദ്ധ അംഗം'' എന്നാൽ ആ നിലയിൽ നിയമിക്കപ്പെട്ടതും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള യോഗ്യതകളുള്ളതും ഒരു ജുഡീഷ്യൽ അംഗം അല്ലാത്തതുമായ ട്രിബ്യൂണലിലെ ഒരു അംഗം എന്നർത്ഥമാകുന്നു;

(ങ) ഏതെങ്കിലും അപായസാദ്ധ്യതയുള്ള വസ്തു സംബന്ധിച്ച്, ''കൈകാര്യം ചെയ്യൽ'' എന്നാൽ അങ്ങനെയുള്ള അപായസാദ്ധ്യതയുള്ള വസ്തുവിന്റെ നിർമ്മാണം, സംസ്കരണം, ട്രീറ്റ്മെന്റ്, പാക്കേജ്, സംഭരണം, പരിവഹണം, ഉപയോഗം, ശേഖരണം, നശീകരണം, പരിവർത്തനം, വിൽപനയ്ക്ക് വയ്ക്കൽ, കൈമാറ്റം അല്ലെങ്കിൽ അതുപോലെയുള്ളവ എന്ന് അർത്ഥമാകുന്നു;

(ച) ''അപായസാദ്ധ്യതയുള്ള വസ്തു'' എന്നാൽ 1986-ലെ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റിൽ അപായസാദ്ധ്യതയുള്ള വസ്തുവായി നിർവ്വചിച്ചിട്ടുള്ളതും 1991-ലെ പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് ആക്റ്റ് പ്രകാരം കേന്ദ്ര സർക്കാർ വിനിർദ്ദേശിച്ചിട്ടുള്ളതോ വിനിർദ്ദേശിക്കാവുന്നതോ ആയ അങ്ങനെയുള്ള അളവ് അധികരിക്കുന്നതുമായ ഏതെങ്കിലും വസ്തുവോ തയ്യാറിപ്പോ എന്നർത്ഥമാകുന്നു;

1986-ലെ 29
1991-ലെ 6

---

1. 2010 ഒക്ടോബർ 18-ാം തീയതിയിലെ എസ്.ഒ.2569 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം 2010 ഒക്ടോബർ 18, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, വകുപ്പ് 3 (ii) കാണുക.

(ഛ) "ക്ഷതം" എന്നതിൽ ഒരു അപകടത്തിന്റെ പരിണതഫലമായ സ്ഥിരമോ ഭാഗികമോ പൂർണ്ണമോ ആയ ശാരീരികവൈകല്യം അല്ലെങ്കിൽ രോഗം ഉൾപ്പെടുന്നു;

(ജ) "ജുഡീഷ്യൽ അംഗം" എന്നാൽ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ആ നിലയിൽ നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ള ട്രിബ്യൂണലിലെ ഒരു അംഗം എന്നർത്ഥമാകുന്നതും ചെയർപേഴ്സൺ ഉൾപ്പെടുന്നതുമാകുന്നു;

(ഝ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഞ) "ആൾ" എന്നതിൽ—

(i) ഒരു വ്യക്തി,

(ii) ഒരു ഹിന്ദു അവിഭക്ത കുടുംബം,

(iii) ഒരു കമ്പനി,

(iv) ഒരു ഫേം,

(v) ഏകാംഗീകൃതമോ അല്ലാത്തതോ ആയ ആളുകളുടെ ഒരു സമാജം അല്ലെങ്കിൽ വ്യക്തികളുടെ ഒരു നികായം,

(vi) ഒരു ട്രസ്റ്റിന്റെ ട്രസ്റ്റി,

(vii) ഒരു തദ്ദേശാധികാരസ്ഥാനം,

(viii) മുൻ ഉപഖണ്ഡങ്ങൾക്കുള്ളിൽ വരാത്ത ഏതൊരു, കൃത്രിമ നിയമസംബന്ധിയായ ആളും,

ഉൾപ്പെടുന്നു;

(ട) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഠ) "പട്ടിക" എന്നാൽ ഈ ആക്റ്റിനോട് അനുബന്ധമായുള്ള I-ഉം II-ഉം III-ഉം പട്ടികകൾ എന്നർത്ഥമാകുന്നു;

(ഡ) "പരിസ്ഥിതിയുമായി ബന്ധപ്പെട്ട സാരവത്തായ പ്രശ്നം" എന്നതിൽ എവിടെയാണോ,—

(i) ഒരു നിയമപരമായ വിനിർദ്ദിഷ്ട പാരിസ്ഥിതിക ബാദ്ധ്യതയുടെ ഒരാളാലുള്ള നേരിട്ടുള്ള ഒരു ഉല്ലംഘനത്താൽ,—

(ക) പാരിസ്ഥിതികമായ അനന്തരഫലങ്ങളാൽ ഒരുവ്യക്തിയെയോ വ്യക്തികളുടെ ഒരു ഗ്രൂപ്പിനെയോ അല്ലാതെ സമുദായത്തെ മൊത്തത്തിൽ ബാധിക്കപ്പെടുന്നതോ ബാധിക്കപ്പെടുവാൻ ഇടയുള്ളതോ; അല്ലെങ്കിൽ

(ഖ) പരിസ്ഥിതിയുടെയോ വസ്തുവിന്റെയോ നാശനഷ്ടത്തിന്റെ സ്വഭാവം സാരമായിരിക്കുന്നതോ; അല്ലെങ്കിൽ

(ഗ) പൊതുജനാരോഗ്യത്തിനുള്ള ഹാനി സാമാന്യമായി അളക്കത്തക്കതോ,

ആയിരിക്കുകയും;

(ii) പാരിസ്ഥിതിക അനന്തരഫലങ്ങൾ ഒരു വിനിർദ്ദിഷ്ടമായ പ്രവൃത്തിയുമായോ അല്ലെങ്കിൽ മലിനീകരണത്തിന്റെ ഒരു സൂചക ഉറവിടമായോ ബന്ധപ്പെട്ടിരിക്കുകയും,

ചെയ്യുന്നത്, അങ്ങനെയുള്ള ഒരു സന്ദർഭം ഉൾപ്പെടുന്നു;

(ഢ) ''ട്രിബ്യൂണൽ'' എന്നാൽ 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണൽ എന്നർത്ഥമാകുന്നു;

(ണ) ''തൊഴിലാളി'' എന്നതിന് 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റിൽ അതിന് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്. *1923-ലെ 8*

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിരിക്കുന്നതും എന്നാൽ ഇതിൽ നിർവ്വചിച്ചിട്ടില്ലാത്തതും 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റിലും, 1977-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) സെസ്സ് ആക്റ്റിലും, 1980-ലെ ദി ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റിലും, 1981-ലെ ദി എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്റ്റിലും, 1986-ലെ ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റിലും, 1991-ലെ ദി പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് ആക്റ്റിലും, 2002-ലെ ദി ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റിലും പരിസ്ഥിതിയുമായി ബന്ധപ്പെട്ട മറ്റ് ആക്റ്റുകളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റുകളിൽ യഥാക്രമം അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്. *1974-ലെ 6; 1977-ലെ 36; 1980-ലെ 69; 1981-ലെ 14; 1986-ലെ 29; 1991-ലെ 6; 2003-ലെ 18*

## അദ്ധ്യായം II

## ട്രിബ്യൂണൽ സ്ഥാപിക്കൽ

*ട്രിബ്യൂണൽ സ്ഥാപിക്കൽ.*

3. കേന്ദ്ര സർക്കാർ, വിജ്ഞാപനം വഴി, അതിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള തീയതി[1] മുതൽ പ്രാബല്യത്തോടെ, ദേശീയ ഹരിത ട്രിബ്യൂണൽ എന്നറിയപ്പെടുന്ന ഒരു ട്രിബ്യൂണൽ, ഈ ആക്റ്റിനാലോ അതിൻകീഴിലോ അങ്ങനെയുള്ള ട്രിബ്യൂണലിന് നൽകപ്പെട്ടിട്ടുള്ള അധികാരിതയും അധികാരങ്ങളും അധികാരശക്തിയും പ്രയോഗിക്കുന്നതിനായി, സ്ഥാപിക്കേണ്ടതാണ്.

*ട്രിബ്യൂണലിന്റെ ഘടന.*

4. (1) ട്രിബ്യൂണൽ—

(ക) ഒരു മുഴുവൻസമയ ചെയർപേഴ്സൺ;

(ഖ) കേന്ദ്ര സർക്കാർ, കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യാവുന്ന പത്തിൽ കുറയാത്തതും എന്നാൽ ഇരുപത് എന്ന പരമാവധിക്ക് വിധേയമായും ഉള്ള മുഴുവൻ സമയ ജുഡീഷ്യൽ അംഗങ്ങൾ;

1. 2010 ഒക്ടോബർ 18-ാം തീയതിയിലെ എസ്.ഒ.2570 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം 2010 ഒക്ടോബർ 18, ഭാരത ഗസറ്റ്, അസാധാരണം, ഭാഗം II, വകുപ്പ് 3 (ii) കാണുക.

(ഗ) കേന്ദ്ര സർക്കാർ, കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യാവുന്ന പത്തിൽ കുറയാത്തതും എന്നാൽ ഇരുപത് എന്ന പരമാവധിക്ക് വിധേയമായും ഉള്ള മുഴുവൻ സമയ വിദഗ്ദ്ധ അംഗങ്ങൾ, എന്നിവർ അടങ്ങിയതായിരിക്കേണ്ടതാണ്.

(2) ട്രിബ്യൂണലിന്റെ ചെയർപേഴ്സണ്, ആവശ്യമാണെന്ന് കരുതുകയാണെങ്കിൽ, ട്രിബ്യൂണലിന്റെ മുമ്പാകെയുള്ള ഒരു പ്രത്യേക കേസിൽ സവിശേഷമായ അറിവും പരിചയവുമുള്ള ഏതെങ്കിലും ഒന്നോ അതിലധികമോ ആളുകളെ ആ കേസിൽ ട്രിബ്യൂണലിനെ സഹായിക്കുന്നതിനായി ക്ഷണിക്കാവുന്നതാണ്.

(3) കേന്ദ്ര സർക്കാരിന്, വിജ്ഞാപനം വഴി, ട്രിബ്യൂണലിന്റെ ഉപവേശനത്തിന്റെ സാധാരണയായുള്ള സ്ഥലവും അല്ലെങ്കിൽ സ്ഥലങ്ങളും ഉപവേശനത്തിന്റെ അങ്ങനെയുള്ള ഓരോ സ്ഥലത്തിനും കീഴിൽ വരുന്ന പ്രാദേശികാധികാരിതയും വിനിർദ്ദേശിക്കാവുന്നതാണ്.

(4) കേന്ദ്ര സർക്കാരിന്, ട്രിബ്യൂണലിന്റെ ചെയർപേഴ്സണുമായി കൂടിയാലോചിച്ച്,—

(ക) ട്രിബ്യൂണലിന്റെ മുമ്പാകെ ഹാജരാകുന്നതിന് അവകാശമുണ്ടായിരിക്കുന്ന ആളുകളെ സംബന്ധിച്ച ചട്ടങ്ങൾ;

(ഖ) അപേക്ഷകളും അപ്പീലുകളും കേൾക്കുന്നതിനുള്ള നടപടിക്രമവും അപേക്ഷകളും അപ്പീലുകളുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളും [(3)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അധികാരിതയ്ക്കുള്ളിൽ വരുന്ന സാധാരണ ഉപവേശനസ്ഥലങ്ങൾ അല്ലാത്ത ഒരു സ്ഥലത്തുള്ള ഹിയറിംഗിനായുള്ള പര്യടന നടപടിക്രമം ഉൾപ്പെടെ] സംബന്ധിച്ച ചട്ടങ്ങൾ;

(ഗ) ഏതെങ്കിലും തരത്തിലെയോ തരങ്ങളിലെയോ അപേക്ഷകളെയും അപ്പീലുകളെയും സംബന്ധിച്ച് അപേക്ഷകളും അപ്പീലുകളും കേൾക്കുന്നതിനുള്ള അംഗങ്ങളുടെ ഏറ്റവും കുറഞ്ഞ എണ്ണം:

എന്നാൽ, ഒരു അപേക്ഷയോ അപ്പീലോ കേൾക്കുന്നതിനുള്ള വിദഗ്ദ്ധ അംഗങ്ങളുടെ എണ്ണം അങ്ങനെയുള്ള അപേക്ഷയോ അപ്പീലോ കേൾക്കുന്നതിനുള്ള ജുഡീഷ്യൽ അംഗങ്ങളുടെ എണ്ണത്തിന് തുല്യമായിരിക്കേണ്ടതാണ്;

(ഘ) ഒരു ഉപവേശനസ്ഥലത്തുനിന്നും (സാധാരണ ഉപവേശനസ്ഥലം ഉൾപ്പെടെ) മറ്റൊരു ഉപവേശനസ്ഥലത്തേയ്ക്ക് ചെയർപേഴ്സൺ കേസുകൾ മാറ്റുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ,

എന്നിവ ഉൾപ്പെടെ ട്രിബ്യൂണലിന്റെ പതിവുകളും നടപടിക്രമവും സാമാന്യമായി ക്രമപ്പെടുത്തുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

*ചെയർപേഴ്സന്റെയും, ജുഡീഷ്യൽ അംഗത്തിന്റെയും, വിദഗ്ദ്ധ അംഗത്തിന്റെയും നിയമനത്തിനുള്ള യോഗ്യതകൾ.*

5. (1) ഒരാൾ, ഭാരതത്തിന്റെ സുപ്രീംകോടതിയുടെ ഒരു ജഡ്ജിയോ അല്ലെങ്കിൽ ഒരു ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസോ ആയിരിക്കുന്നതോ ആയിരുന്നതോ അല്ലാത്തപക്ഷം അയാൾ ട്രിബ്യൂണലിന്റെ ചെയർപേഴ്സണായോ ജുഡീഷ്യൽ അംഗമായോ ഉള്ള നിയമനത്തിന് യോഗ്യനായിരിക്കുന്നതല്ല:

എന്നാൽ, ഹൈക്കോടതിയിലെ ഒരു ജഡ്ജിയായിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാളും ഒരു ജുഡീഷ്യൽ അംഗമായി നിയമിക്കപ്പെടുന്നതിന് യോഗ്യനായിരിക്കുന്നതാണ്.

(2) ഒരാൾക്ക്,—

(ക) ഒരു ഡോക്ടറേറ്റ് ബിരുദത്തോടുകൂടിയ ശാസ്ത്രത്തിലെ (ഭൗതിക ശാസ്ത്രങ്ങളിലോ ജീവശാസ്ത്രങ്ങളിലോ) ഒരു മാസ്റ്റർ ബിരുദവും അല്ലെങ്കിൽ എൻജിനീയറിംഗിൽ മാസ്റ്റർ ബിരുദവും അല്ലെങ്കിൽ സാങ്കേതിക വിദ്യയിൽ മാസ്റ്റർ ബിരുദവും, പരിസ്ഥിതിയുടെയും വനങ്ങളുടെയും മേഖലയിൽ (മലിനീകരണ നിയന്ത്രണവും അപായസാദ്ധ്യതയുള്ള വസ്തുക്കളുടെ മാനേജ്മെന്റും പരിസ്ഥിതി ആഘാത നിർണ്ണയവും കാലാവസ്ഥാ വ്യതിയാന മാനേജ്മെന്റും ജൈവവൈവിധ്യ മാനേജ്മെന്റും വനപരിരക്ഷണവും ഉൾപ്പെടെ) പ്രശസ്തമായ ഒരു ദേശീയതലത്തിലുള്ള സ്ഥാപനത്തിലെ അഞ്ചു വർഷത്തെ പ്രായോഗിക പരിചയം ഉൾപ്പെടെ പ്രസക്ത മേഖലയിൽ പതിനഞ്ചുവർഷത്തെ പരിചയവും; അല്ലെങ്കിൽ

(ഖ) കേന്ദ്ര സർക്കാരിലോ ഒരു സംസ്ഥാന സർക്കാരിലോ അല്ലെങ്കിൽ ദേശീയ അഥവാ സംസ്ഥാനതല സ്ഥാപനത്തിൽ ഉള്ള ഒരു പ്രശസ്ത സ്ഥാപനത്തിൽ പരിസ്ഥിതി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അഞ്ചു വർഷത്തെ പരിചയം ഉൾപ്പെടെ പതിനഞ്ചു വർഷത്തെ ഭരണ പരിചയവും,

ഇല്ലാത്തപക്ഷം അയാൾ ഒരു വിദഗ്ദ്ധ അംഗമായുള്ള നിയമനത്തിന് യോഗ്യനായിരിക്കുന്നതല്ല.

(3) ട്രിബ്യൂണലിലെ ചെയർപേഴ്സണും ജുഡീഷ്യൽ അംഗവും വിദഗ്ദ്ധ അംഗവും ആ നിലയിലുള്ള അവരുടെ ഉദ്യോഗ കാലാവധിയിൽ മറ്റേതെങ്കിലും ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

(4) ചെയർപേഴ്സണും മറ്റു ജുഡീഷ്യൽ അംഗങ്ങളും വിദഗ്ദ്ധ അംഗങ്ങളും, അവർ ഉദ്യോഗം വഹിക്കുന്നത് അവസാനിക്കുന്ന തീയതി മുതൽ രണ്ടുവർഷത്തെ ഒരു കാലയളവിലേക്ക്, ഈ ആക്റ്റ് പ്രകാരം ട്രിബ്യൂണലിന്റെ മുമ്പാകെയുള്ള ഒരു നടപടിയിൽ ഒരു കക്ഷിയായിരുന്ന ഏതെങ്കിലും ആളുടെയോ അയാളുടെ മാനേജ്മെന്റുമായോ ഭരണവുമായോ ബന്ധപ്പെട്ടിരിക്കുന്ന ഏതെങ്കിലും നിയോജനം സ്വീകരിക്കുവാൻ പാടുള്ളതല്ല:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും കേന്ദ്ര സർക്കാരിനോ ഒരു സംസ്ഥാന സർക്കാരിനോ തദ്ദേശാധികാര സ്ഥാനത്തിനോ കീഴിലുള്ളതോ നിയമപ്രകാരമുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിലോ ഏതെങ്കിലും കേന്ദ്ര, സംസ്ഥാന അല്ലെങ്കിൽ പ്രാദേശിക ആക്റ്റിനാലോ, അതുപ്രകാരമോ സ്ഥാപിതമായ ഏതെങ്കിലും കോർപ്പറേഷനിലോ, 1956-ലെ കമ്പനീസ് ആക്റ്റിന്റെ 617-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ഒരു സർക്കാർ കമ്പനിയിലോ ഉള്ള ഏതെങ്കിലും നിയോജനത്തിന് ബാധകമാകുന്നതല്ല. 1956-ലെ 1

6. (1) 5-ാം വകുപ്പിന്റെ വ്യവസ്ഥകൾക്ക് വിധേയമായി, ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയും ജുഡീഷ്യൽ അംഗങ്ങളെയും വിദഗ്ദ്ധ അംഗങ്ങളെയും കേന്ദ്ര സർക്കാർ നിയമിക്കേണ്ടതാണ്.

*ചെയർപേഴ്സന്റെയും, ജുഡീഷ്യൽ അംഗത്തിന്റെയും, വിദഗ്ദ്ധ അംഗത്തിന്റെയും നിയമനം.*

(2) കേന്ദ്ര സർക്കാർ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസുമായി ആലോചിച്ച് ചെയർപേഴ്സണെ നിയമിക്കേണ്ടതാണ്.

(3) ട്രിബ്യൂണലിന്റെ ജുഡീഷ്യൽ അംഗങ്ങളെയും വിദഗ്ദ്ധ അംഗങ്ങളെയും അങ്ങനെയുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും നിയമിക്കേണ്ടതാണ്.

7. ചെയർപേഴ്സണും ജുഡീഷ്യൽ അംഗവും വിദഗ്ദ്ധ അംഗവും അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് ആ നിലയിൽ ഉദ്യോഗം വഹിക്കേണ്ടതും എന്നാൽ പുനർനിയമനത്തിന് അർഹരല്ലാത്തതുമാണ്:

*ചെയർപേഴ്സന്റെയും, ജുഡീഷ്യൽ അംഗത്തിന്റെയും, വിദഗ്ദ്ധ അംഗത്തിന്റെയും ഔദ്യോഗിക കാലാവധിയും സേവനത്തിന്റെ മറ്റ് വ്യവസ്ഥകളും.*

എന്നാൽ സുപ്രീംകോടതിയിലെ ഒരു ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാളെ ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ ജുഡീഷ്യൽ അംഗമോ ആയി നിയമിച്ചിട്ടുള്ള സംഗതിയിൽ, അദ്ദേഹം എഴുപത് വയസ്സ് തികഞ്ഞതിനുശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല ഒരു ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാളെ ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ ജുഡീഷ്യൽ അംഗമോ ആയി നിയമിച്ചിട്ടുള്ള സംഗതിയിൽ, അദ്ദേഹം അറുപത്തിയേഴ് വയസ്സ് തികഞ്ഞതിനുശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല:

എന്നിരുന്നാലും ഒരു ഹൈക്കോടതിയിലെ ജഡ്ജി ആയിരിക്കുന്നതോ ആയിരുന്നതോ ആയ ഒരാളെ ട്രിബ്യൂണലിന്റെ ജുഡീഷ്യൽ അംഗമായി നിയമിച്ചിട്ടുള്ള സംഗതിയിൽ, അയാൾ അറുപത്തിയേഴ് വയസ്സ് തികഞ്ഞതിനുശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല:

എന്നിരുന്നാൽത്തന്നെയും യാതൊരു വിദഗ്ദ്ധ അംഗവും അറുപത്തിയഞ്ച് വയസ്സ് തികഞ്ഞതിനുശേഷം ഉദ്യോഗം വഹിക്കുവാൻ പാടുള്ളതല്ല.

8. ട്രിബ്യൂണലിന്റെ ചെയർപേഴ്സണും ജുഡീഷ്യൽ അംഗത്തിനും വിദഗ്ദ്ധ അംഗത്തിനും അവരുടെ ഒപ്പോടുകൂടിയ, കേന്ദ്ര സർക്കാരിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ലിഖിതമായ നോട്ടീസ് വഴി, അവരുടെ ഉദ്യോഗം രാജി വയ്ക്കാവുന്നതാണ്.

*രാജി.*

9. ട്രിബ്യൂണലിന്റെ ചെയർപേഴ്സണും ജുഡീഷ്യൽ അംഗത്തിനും വിദഗ്ദ്ധ അംഗത്തിനും കൊടുക്കേണ്ടതായ ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

*ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും.*

എന്നാൽ, ചെയർപേഴ്സന്റെയും ജുഡീഷ്യൽ അംഗത്തിന്റെയും വിദഗ്ദ്ധ അംഗത്തിന്റെയും ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റു നിബന്ധനകളും ഉപാധികളും അവരുടെ നിയമനത്തിന് ശേഷം അവർക്ക് പ്രതികൂലമായി വ്യത്യാസപ്പെടുത്തുവാൻ പാടുള്ളതല്ല.

*ചെയർപേഴ്സന്റെയും, ജുഡീഷ്യൽ അംഗത്തിന്റെയും, വിദഗ്ദ്ധ അംഗത്തിന്റെയും നീക്കം ചെയ്യലും സസ്പെൻഷനും.*

10. (1) കേന്ദ്ര സർക്കാരിന്, ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയോ, ജുഡീഷ്യൽ അംഗത്തെയോ, അയാൾ,—

(ക) ഒരു നിർദ്ധനനായി വിധിക്കപ്പെട്ടിരിക്കുകയോ;

(ഖ) കേന്ദ്ര സർക്കാരിന്റെ അഭിപ്രായത്തിൽ, സാൻമാർഗ്ഗികാധഃപതനം ഉൾക്കൊള്ളുന്ന ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിരിക്കുകയോ;

(ഗ) ശാരീരികമോ മാനസികമോ ആയി കഴിവില്ലാതായി ത്തീരുകയോ;

(ഘ) അയാളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുവാനിടയുള്ള അങ്ങനെയുള്ള സാമ്പത്തികമോ മറ്റുള്ളതോ ആയ താല്പര്യം ആർജ്ജിച്ചിരിക്കുകയോ;

(ങ) അയാൾ ഉദ്യോഗത്തിൽ തുടരുന്നത് പൊതുജന താല്പര്യത്തെ ദോഷകരമായി ബാധിക്കുന്നതാക്കുന്ന പ്രകാരം പദവി ദുരുപയോഗം ചെയ്തിരിക്കുകയോ,

ചെയ്താൽ ഭാരതത്തിന്റെ ചീഫ് ജസ്റ്റിസുമായി ആലോചിച്ച് ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

(2) ചെയർപേഴ്സണെയോ ജുഡീഷ്യൽ അംഗത്തെയോ സുപ്രീംകോടതിയിലെ ഒരു ജഡ്ജി അങ്ങനെയുള്ള ചെയർപേഴ്സണോ ജുഡീഷ്യൽ അംഗത്തിനോ എതിരെയുള്ള ചാർജ്ജുകൾ അദ്ദേഹത്തെ അറിയിച്ചും ആ ചാർജ്ജുകളെ സംബന്ധിച്ച് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയും നടത്തിയ ഒരു അന്വേഷണത്തിനു ശേഷം കേന്ദ്ര സർക്കാരിന്റെ ഒരു ഉത്തരവിലൂടെയല്ലാതെ, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ നിന്നും നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

(3) കേന്ദ്ര സർക്കാരിന്, ചെയർപേഴ്സണെയോ ജുഡീഷ്യൽ അംഗത്തെയോ, അവരിൽ ആരെ സംബന്ധിച്ചാണോ (2)-ാം ഉപവകുപ്പ് പ്രകാരം ഒരു അന്വേഷണം നടത്തുന്നതിന് സുപ്രീംകോടതി ജഡ്ജിക്ക് ഒരു റഫറൻസ് നൽകിയിട്ടുള്ളത്, അങ്ങനെയുള്ള റഫറൻസിൻമേൽ സുപ്രീംകോടതി ജഡ്ജി നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ച് കേന്ദ്രസർക്കാർ ഒരു ഉത്തരവ് പാസ്സാക്കുന്നതുവരെ, ഉദ്യോഗത്തിൽ നിന്നും സസ്പെന്റ് ചെയ്യാവുന്നതാണ്.

(4) കേന്ദ്ര സർക്കാരിന് ചട്ടങ്ങൾ വഴി, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള അന്വേഷണത്തിനായുള്ള നടപടിക്രമം ക്രമീകരിക്കാവുന്നതാണ്.

(5) കേന്ദ്ര സർക്കാരിന് വിദഗ്ദ്ധ അംഗത്തെ (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാരണങ്ങളിൻമേലും കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന നടപടിക്രമത്തിന് അനുസൃതമായും ഒരു ഉത്തരവിലൂടെ അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ വിദഗ്ദ്ധ അംഗത്തെ അക്കാര്യത്തിൽ അദ്ദേഹത്തിന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാത്തപക്ഷം നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

[1][10 ക. ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, [2][2021-ലെ ട്രിബ്യൂണൽസ് റിഫോംസ് ആക്റ്റിന്റെ] പ്രാരംഭത്തിനുശേഷം ട്രിബ്യൂണലിൽ നിയമിക്കപ്പെടുന്ന ചെയർപേഴ്സന്റെയും ജുഡീഷ്യൽ അംഗത്തിന്റെയും വിദഗ്ദ്ധ അംഗത്തിന്റെയും യോഗ്യതകളും നിയമനവും ഉദ്യോഗ കാലാവധിയും ശമ്പളവും ബത്തകളും രാജിവയ്ക്കലും നീക്കംചെയ്യലും സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും [2][പ്രസ്തുത ആക്റ്റിന്റെ അദ്ധ്യായം II-ലെ വ്യവസ്ഥകൾ പ്രകാരം നിയന്ത്രിക്കപ്പെടേണ്ടതാണ്]: *ചെയർപേഴ്സന്റെയും, ജുഡീഷ്യൽ അംഗത്തിന്റെയും, വിദഗ്ദ്ധ അംഗത്തിന്റെയും യോഗ്യതകളും സേവനത്തിന്റെ നിബന്ധനകളും ഉപാധികളും.*

എന്നാൽ 2017-ലെ ധനകാര്യ ആക്റ്റിന്റെ അദ്ധ്യായം VI-ലെ ഭാഗം XIV-ന്റെ പ്രാരംഭത്തിന് മുമ്പ് നിയമിക്കപ്പെട്ട ചെയർപേഴ്സണും ജുഡീഷ്യൽ അംഗവും വിദഗ്ദ്ധ അംഗവും 2017-ലെ ധനകാര്യ ആക്റ്റിന്റെ 184-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടായിരുന്നില്ല എന്നതുപോലെ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം നിയന്ത്രിക്കപ്പെടുന്നത് തുടരേണ്ടതാണ്.]

11. ചെയർപേഴ്സന്റെ ഉദ്യോഗത്തിൽ അദ്ദേഹത്തിന്റെ മരണമോ രാജിയോ കാരണമായോ മറ്റുവിധത്തിലോ ഏതെങ്കിലും ഒഴിവുണ്ടാകുന്ന സന്ദർഭത്തിൽ, കേന്ദ്ര സർക്കാർ, ഇതിലേക്കായി വിജ്ഞാപനം വഴി, പ്രാധികാരപ്പെടുത്താവുന്ന ട്രിബ്യൂണലിന്റെ അങ്ങനെയുള്ള ജുഡീഷ്യൽ അംഗം, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു പുതിയ ചെയർപേഴ്സണെ നിയമിക്കുന്ന തീയതിവരെ ചെയർപേഴ്സണായി പ്രവർത്തിക്കേണ്ടതാണ്. *ചില പരിതസ്ഥിതികളിൽ ചെയർപേഴ്സണായി പ്രവർത്തിക്കണമെന്ന് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കണമെന്ന്.*

12. (1) ട്രിബ്യൂണലിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിന് ആവശ്യമുള്ള ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും തരവും വിഭാഗങ്ങളും കേന്ദ്രസർക്കാർ തീരുമാനിക്കേണ്ടതാണ്. *ട്രിബ്യൂണലിന്റെ സ്റ്റാഫ്.*

(2) ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും റിക്രൂട്ട്മെന്റ് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ചെയർപേഴ്സൺ നടത്തേണ്ടതാണ്.

(3) ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അവരുടെ ചുമതലകൾ ചെയർപേഴ്സന്റെ സാമാന്യമായ മേൽനോട്ടത്തിൻ കീഴിൽ നിർവ്വഹിക്കേണ്ടതാണ്.

(4) ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവനത്തിന്റെ നിബന്ധനകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

13. ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ കേന്ദ്ര സർക്കാർ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം അദ്ദേഹത്തിൽ നിക്ഷിപ്തമാകാവുന്ന അങ്ങനെയുള്ള ധനപരവും ഭരണപരവുമായ അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്: *ചെയർപേഴ്സന്റെ ധനപരവും ഭരണപരവുമായ അധികാരങ്ങൾ.*

എന്നാൽ ചെയർപേഴ്സണ്, അദ്ദേഹത്തിന് യുക്തമെന്ന് തോന്നാവുന്ന അദ്ദേഹത്തിന്റെ അങ്ങനെയുള്ള ധനപരവും ഭരണപരവുമായ അധികാരങ്ങൾ, ട്രിബ്യൂണലിന്റെ ഏതെങ്കിലും ജുഡീഷ്യൽ അംഗത്തിനോ വിദഗ്ദ്ധ അംഗത്തിനോ ഉദ്യോഗസ്ഥനോ, അങ്ങനെയുള്ള പ്രത്യായോജനം ചെയ്യപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ അംഗമോ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ, ചെയർപേഴ്സന്റെ നിർദ്ദേശത്തിനും നിയന്ത്രണത്തിനും മേൽനോട്ടത്തിനും കീഴിൽ തുടർന്നും പ്രവർത്തിക്കുന്നുവെന്ന നിബന്ധനയ്ക്ക് വിധേയമായി, പ്രത്യായോജനം ചെയ്യാവുന്നതാണ്.

---

1. 2017-ലെ 7-ാം ആക്റ്റ്, 182-ാം വകുപ്പ് പ്രകാരം ചേർത്തത് (26-5-2017 മുതൽ പ്രാബല്യം).
2. 2021-ലെ 33-ാം ആക്റ്റ്, 27-ാം വകുപ്പ് പ്രകാരം "2017-ലെ ധനകാര്യ ആക്റ്റ് (2017-ലെ 7)-ന്റെ അദ്ധ്യായം VI-ലെ ഭാഗം XIV" "ആ ആക്റ്റിന്റെ 184-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം നിയന്ത്രിക്കപ്പെടേണ്ടതാണ്" എന്നിവയ്ക്ക് പകരം ചേർത്തത് (4-4-2021 മുതൽ പ്രാബല്യം).

## അദ്ധ്യായം III

## ട്രിബ്യൂണലിന്റെ അധികാരിതയും അധികാരങ്ങളും നടപടികളും

ട്രിബ്യൂണൽ തർക്കങ്ങൾ തീർപ്പാക്കണമെന്ന്.

14. (1) ട്രിബ്യൂണലിന്, പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഒരു സാരവത്തായ പ്രശ്നം (പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഏതെങ്കിലും നിയമപരമായ അവകാശത്തിന്റെ നടപ്പാക്കൽ ഉൾപ്പെടെ) ഉൾക്കൊള്ളുന്നതും I-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധിനിയമങ്ങളുടെ നടപ്പാക്കലിൽനിന്നും ഉൽഭവിക്കുന്നതുമായ എല്ലാ സിവിൽ കേസുകളിന്മേലും അധികാരിത ഉണ്ടായിരിക്കുന്നതാണ്.

(2) ട്രിബ്യൂണൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രശ്നങ്ങളിൽ നിന്നുൽഭവിക്കുന്ന തർക്കങ്ങൾ കേൾക്കേണ്ടതും അങ്ങനെയുള്ള തർക്കങ്ങൾ തീർപ്പാക്കേണ്ടതും അതിന്മേൽ ഉത്തരവ് പാസാക്കേണ്ടതുമാണ്.

(3) ട്രിബ്യൂണൽ, ഈ വകുപ്പ് പ്രകാരമുള്ള തർക്കത്തിന്റെ ന്യായനിർണ്ണയത്തിനുള്ള യാതൊരു അപേക്ഷയും അങ്ങനെയുള്ള തർക്കത്തിന്റെ വ്യവഹാരകാരണം ആദ്യം ഉൽഭവിച്ച തീയതി മുതൽ ആറ് മാസത്തെ ഒരു കാലയളവിനുള്ളിൽ നൽകിയിട്ടില്ലാത്തപക്ഷം, സ്വീകരിക്കുവാൻ പാടുള്ളതല്ല:

എന്നാൽ ട്രിബ്യൂണലിന്, പ്രസ്തുത കാലയളവിനുള്ളിൽ അപേക്ഷ ഫയൽ ചെയ്യുന്നതിൽ നിന്നും അപേക്ഷകൻ മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അറുപത് ദിവസങ്ങളിൽ കവിയാത്ത ഒരു അധിക കാലയളവിനുള്ളിൽ അത് ഫയൽ ചെയ്യുന്നതിന് അനുവദിക്കാവുന്നതാണ്.

ആശ്വാസവും നഷ്ടപരിഹാരവും പൂർവ്വസ്ഥിതിയിലാക്കലും.

15. (1) ട്രിബ്യൂണലിന്, ഒരു ഉത്തരവ് വഴി, ട്രിബ്യൂണലിന് യുക്തമെന്ന് തോന്നുന്ന പ്രകാരം,—

(ക) I-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധിനിയമങ്ങൾ പ്രകാരം ഉൽഭവിക്കുന്ന മലിനീകരണത്തിന്റെയും മറ്റു പരിസ്ഥിതി നാശനഷ്ടത്തിന്റെയും (ഏതെങ്കിലും അപായകരമായ വസ്തു കൈകാര്യം ചെയ്യുന്നതിനിടയിൽ ഉണ്ടാകുന്ന അപകടം ഉൾപ്പെടെ) ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസവും നഷ്ടപരിഹാരവും;

(ഖ) നാശനഷ്ടം വന്ന വസ്തുവിന്റെ പൂർവ്വസ്ഥിതിയിലാക്കലും;

(ഗ) അങ്ങനെയുള്ള പ്രദേശത്തിനോ പ്രദേശങ്ങൾക്കോ വേണ്ടിയുള്ള പരിസ്ഥിതിയുടെ പൂർവ്വസ്ഥിതിയിലാക്കലും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിന്റെ (ക), (ഖ), (ഗ) ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ആശ്വാസവും നഷ്ടപരിഹാരവും വസ്തുവിന്റെയും പരിസ്ഥിതിയുടെയും പൂർവ്വസ്ഥിതിയിലാക്കലും 1991-ലെ പബ്ലിക് ലയബിലിറ്റി ആക്റ്റ് പ്രകാരം കൊടുത്തതോ കൊടുക്കേണ്ടതോ ആയ ആശ്വാസത്തിന് പുറമേ ആയിരിക്കേണ്ടതാണ്. 1991-ലെ 6

(3) ഈ വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും നഷ്ടപരിഹാരമോ ആശ്വാസമോ നൽകുന്നതിന്റെയോ വസ്തുവിന്റെയോ പരിസ്ഥിതിയുടെയോ പൂർവ്വസ്ഥിതിയിലാക്കലിന്റെയോ യാതൊരു അപേക്ഷയും, അങ്ങനെയുള്ള നഷ്ടപരിഹാരത്തിന്റെയോ ആശ്വാസത്തിന്റെയോ ഹേതു ആദ്യം ഉത്ഭവിച്ച തീയതി മുതൽ അഞ്ച് വർഷത്തെ ഒരു കാലയളവിനുള്ളിൽ നൽകാത്തപക്ഷം, ട്രിബ്യൂണൽ പരിഗണനയ്ക്കെടുക്കുവാൻ പാടുള്ളതല്ല:

എന്നാൽ ട്രിബ്യൂണലിന്, പ്രസ്തുത കാലയളവിനുള്ളിൽ അപേക്ഷ ഫയൽ ചെയ്യുന്നതിൽ നിന്നും അപേക്ഷകൻ മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ അറുപത് ദിവസത്തിൽ കവിയാത്ത ഒരു അധിക കാലയളവിനുള്ളിൽ അത് ഫയൽ ചെയ്യുന്നതിന് അനുവദിക്കാവുന്നതാണ്.

(4) പൊതുജനാരോഗ്യത്തിനും, വസ്തുവിനും, പരിസ്ഥിതിക്കുമുള്ള നാശനഷ്ടത്തിന് പരിഗണന നൽകിക്കൊണ്ട്, II-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യത്യസ്ത ശീർഷകങ്ങളിൻ കീഴിൽ നൽകേണ്ട നഷ്ടപരിഹാരമോ ആശ്വാസമോ, അപ്രകാരമുള്ള നഷ്ടപരിഹാരം അല്ലെങ്കിൽ ആശ്വാസം അവകാശവാദികൾക്ക് നൽകുന്നതിനും നാശനഷ്ടം സംഭവിച്ച വസ്തുവിന്റെയോ പരിസ്ഥിതിയുടെയോ പൂർവ്വസ്ഥിതിയിലാക്കലിനുമായി, ട്രിബ്യൂണലിന്, അതിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ, വിഭജിക്കാവുന്നതാണ്.

(5) ഈ ആക്റ്റ് പ്രകാരമുള്ള നഷ്ടപരിഹാരത്തിന്റെയോ ആശ്വാസത്തിന്റെയോ ഏതൊരു അവകാശവാദിയും, മറ്റേതെങ്കിലും കോടതിയിലോ അധികാരസ്ഥാനത്തോ ഫയൽ ചെയ്ത അപേക്ഷയെയോ അല്ലെങ്കിൽ, അതതു സംഗതിപോലെ, കോടതിയിൽ നിന്നോ അധികാരസ്ഥാനത്തിൽ നിന്നോ സ്വീകരിച്ചിട്ടുള്ള നഷ്ടപരിഹാരത്തെയോ ആശ്വാസത്തെയോ കുറിച്ച് ട്രിബ്യൂണലിനെ അറിയിക്കേണ്ടതാണ്.

*ട്രിബ്യൂണലിന് അപ്പീൽ അധികാരിതയുണ്ടെന്ന്.*

16. (ക) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റിന്റെ 28-ാം വകുപ്പ് പ്രകാരം അപ്പീൽ അധികാരസ്ഥാനം പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ തീരുമാനത്തിനാലോ; *1974-ലെ 6*

(ഖ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റിന്റെ 29-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ പാസ്സാക്കിയ ഒരു ഉത്തരവിനാലോ; *1974-ലെ 6*

(ഗ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റിന്റെ 33-ാം വകുപ്പ് പ്രകാരം ഒരു ബോർഡ് പുറപ്പെടുവിച്ച നിർദ്ദേശങ്ങളാലോ; *1974-ലെ 6*

(ഘ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1977-ലെ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) സെസ് ആക്റ്റിന്റെ 13-ാം വകുപ്പ് പ്രകാരം ഒരു അപ്പീൽ അധികാരസ്ഥാനം പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ തീരുമാനത്തിനാലോ; 1977-ലെ 36

(ങ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1980-ലെ ദി ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റിന്റെ 2-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരോ മറ്റ് അധികാരസ്ഥാനമോ പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ തീരുമാനത്തിനാലോ; 1980-ലെ 69

(ച) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1981-ലെ ദി എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്റ്റിന്റെ 31-ാം വകുപ്പ് പ്രകാരം അപ്പീൽ അധികാരസ്ഥാനമോ പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ തീരുമാനത്തിനാലോ; 1981-ലെ 14

(ഛ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1986-ലെ ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റിന്റെ 5-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശങ്ങളാലോ; 1986-ലെ 29

(ജ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, ഏത് പ്രദേശങ്ങളിലാണോ ഏതെങ്കിലും വ്യവസായങ്ങളോ, പ്രവൃത്തികളോ അല്ലെങ്കിൽ പ്രക്രിയകളോ അല്ലെങ്കിൽ വ്യവസായങ്ങളുടെയും പ്രവൃത്തികളുടെയും പ്രക്രിയകളുടെയും ഏതെങ്കിലും തരമോ നടത്തരുതെന്നോ 1986-ലെ ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റ് പ്രകാരമുള്ള ചില സുരക്ഷാ ക്രമീകരണങ്ങൾക്ക് വിധേയമായി നടത്താമെന്നോ ഉള്ള പരിസ്ഥിതി പരമായ ക്ലിയറൻസ് നൽകുന്നതിനായി പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ; 1986-ലെ 29

(ഝ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 1986-ലെ ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും പ്രവർത്തനങ്ങളോ പ്രവൃത്തികളോ പ്രക്രിയകളോ നടത്തുന്നതിനുള്ള പരിസ്ഥിതിപരമായ ക്ലിയറൻസ് നൽകുന്നത് നിരസിച്ചുകൊണ്ടുള്ള ഒരു ഉത്തരവിനാലോ; 1986-ലെ 29

(ഞ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ, 2002-ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റിന്റെ വ്യവസ്ഥകൾ പ്രകാരം നാഷണൽ ബയോഡൈവേഴ്സിറ്റി ബോർഡിന്റെയോ ഒരു സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെയോ ഏതെങ്കിലും ആനുകൂല്യം പങ്കുവയ്ക്കൽ തീർപ്പിനാലോ പുറപ്പെടുവിച്ച ഉത്തരവിനാലോ, 2003-ലെ 18

സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് ഉത്തരവോ തീരുമാനമോ നിർദ്ദേശമോ തീർപ്പോ അയാളെ അറിയിച്ച തീയതി മുതൽ മുപ്പത് ദിവസത്തെ ഒരു കാലയളവിനുള്ളിൽ ട്രിബ്യൂണലിന് ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്:

എന്നാൽ ട്രിബ്യൂണലിന്, പ്രസ്തുത കാലയളവിനുള്ളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിൽനിന്നും അപ്പീൽവാദി മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ഈ വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കവിയാത്ത ഒരു അധിക കാലയളവിനുള്ളിൽ അത് ഫയൽ ചെയ്യപ്പെടുന്നതിന് അനുവദിക്കാവുന്നതാണ്.

*ചില സംഗതികളിൽ ആശ്വാസമോ നഷ്ടപരിഹാരമോ നൽകുന്നതിനുള്ള ബാദ്ധ്യത.*

17. (1) ഏതെങ്കിലും ആളുടെ (ഒരു തൊഴിലാളി അല്ലാത്ത) മരണമോ, അയാൾക്ക് ക്ഷതമോ അല്ലെങ്കിൽ ഏതെങ്കിലും വസ്തുവിനോ പരിസ്ഥിതിക്കോ നാശനഷ്ടമോ ഉണ്ടായത് ഒരു അപകടത്തിൽനിന്നോ I-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും അധിനിയമത്തിൻ കീഴിലുള്ള, ഒരു പ്രവൃത്തിയിലോ പ്രവർത്തനത്തിലോ പ്രക്രിയയിലോ നിന്നുള്ള പ്രതികൂലമായ ആഘാതത്തിൽനിന്നോ ആയിരിക്കുന്നിടത്ത്, II-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ശീർഷകങ്ങൾ പ്രകാരമുള്ള, അങ്ങനെയുള്ള മരണത്തിനോ ക്ഷതത്തിനോ നാശനഷ്ടത്തിനോ ട്രിബ്യൂണലിനാൽ തീരുമാനിക്കപ്പെടാവുന്ന അങ്ങനെയുള്ള ആശ്വാസമോ നഷ്ടപരിഹാരമോ നൽകുന്നതിന് ഉത്തരവാദിയായ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഒരു അപകടത്താലോ I-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും അധിനിയമപ്രകാരമുള്ള ഒരു പ്രവൃത്തിയുടെയോ പ്രവർത്തനത്തിന്റെയോ പ്രക്രിയയുടെയോ പ്രതികൂലമായ ആഘാതത്താലോ ഉണ്ടാകുന്ന മരണമോ ക്ഷതമോ നാശനഷ്ടമോ ഏതെങ്കിലും ഒറ്റ പ്രവൃത്തിയുമായോ പ്രവർത്തനവുമായോ പ്രക്രിയയുമായോ സംബന്ധിപ്പിക്കുവാൻ കഴിയുന്നതല്ലാത്തതും എന്നാൽ അങ്ങനെയുള്ള അനേകം പ്രവൃത്തികളുടെയും പ്രവർത്തനങ്ങളുടെയും പ്രക്രിയകളുടെയും സംയോജിതമോ പരിണിതമോ ആയ ഫലമാണെങ്കിൽ ട്രിബ്യൂണലിന്, അങ്ങനെയുള്ള പ്രവൃത്തികൾക്കും പ്രവർത്തനങ്ങൾക്കും പ്രക്രിയകൾക്കും ഉത്തരവാദികളായവർക്കിടയിൽ ആശ്വാസത്തിന്റെയോ നഷ്ടപരിഹാരത്തിന്റെയോ ബാദ്ധ്യത ഒരു നീതിപൂർവ്വകമായ അടിസ്ഥാനത്തിൽ വീതിക്കാവുന്നതാണ്.

(3) ഒരു അപകടത്തിന്റെ സംഗതിയിൽ, ട്രിബ്യൂണൽ, വീഴ്ചയില്ല എന്ന തത്വം ബാധകമാക്കേണ്ടതാണ്.

*ട്രിബ്യൂണലിലേക്കുള്ള അപേക്ഷ അല്ലെങ്കിൽ അപ്പീൽ.*

18. (1) 14-ഉം 15-ഉം വകുപ്പുകൾ പ്രകാരമുള്ള ഓരോ അപേക്ഷയും അല്ലെങ്കിൽ 16-ാം വകുപ്പ് പ്രകാരമുള്ള ഒരു അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്നതും അങ്ങനെയുള്ള രേഖകളും അങ്ങനെയുള്ള ഫീസും സഹിതവും ട്രിബ്യൂണലിന് നൽകേണ്ടതാണ്.

(2) 16-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ആശ്വാസത്തിനോ നഷ്ടപരിഹാരത്തിനോ തർക്കം ഒത്തുതീർപ്പാക്കലിനോ ഉള്ള ഒരു അപേക്ഷ—

(ക) ക്ഷതം പറ്റിയ ആളിനോ;

(ഖ) നാശനഷ്ടം സംഭവിച്ച വസ്തുവിന്റെ ഉടമസ്ഥനോ;

(ഗ) മരണം ഉണ്ടായത് പരിസ്ഥിതി നാശനഷ്ടത്തിൽ നിന്നായിരിക്കുന്നിടത്ത്, മരണപ്പെട്ടയാളിന്റെ നിയമാനുസൃത പ്രതിനിധികളിൽ എല്ലാവർക്കുമോ ആർക്കെങ്കിലുമോ;

(ഘ) അങ്ങനെയുള്ള ആളോ അങ്ങനെയുള്ള വസ്തുവിന്റെ ഉടമസ്ഥനോ അല്ലെങ്കിൽ മരണപ്പെട്ടയാളിന്റെ നിയമാനുസൃത പ്രതിനിധികളിൽ എല്ലാവരുമോ അല്ലെങ്കിൽ ആരെങ്കിലുമോ, അതതുസംഗതിപോലെ, യഥാവിധി പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും ഏജന്റിനോ;.

(ങ) പ്രാതിനിധ്യ സ്വഭാവമുള്ള ഏതെങ്കിലും നികായമോ സംഘടനയോ ഉൾപ്പെടെ, സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിനോ;

(ച) കേന്ദ്ര സർക്കാരിനോ ഒരു സംസ്ഥാന സർക്കാരിനോ ഒരു യൂണിയൻ പ്രദേശ ഭരണകൂടത്തിനോ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിനോ ഒരു സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോ ഒരു മലിനീകരണ നിയന്ത്രണ കമ്മിറ്റിക്കോ ഒരു തദ്ദേശാധികാരസ്ഥാനത്തിനോ, അല്ലെങ്കിൽ 1986-ലെ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റ് 1986-ലെ 29 പ്രകാരമോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ രൂപവൽക്കരിച്ച അല്ലെങ്കിൽ സ്ഥാപിച്ച ഏതെങ്കിലും പരിസ്ഥിതി അധികാരസ്ഥാനത്തിനോ,

ട്രിബ്യൂണലിന് നൽകാവുന്നതാണ്:

എന്നാൽ നഷ്ടപരിഹാരത്തിനോ ആശ്വാസത്തിനോ തർക്കം ഒത്തുതീർപ്പാക്കലിനോ ഉള്ള അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷയിൽ മരണപ്പെട്ടയാളിന്റെ നിയമാനുസൃത പ്രതിനിധികളെല്ലാവരും ചേർന്നിട്ടില്ലാത്തിടത്ത്, മരണപ്പെട്ടയാളിന്റെ എല്ലാ നിയമാനുസൃത പ്രതിനിധികൾക്കും വേണ്ടിയോ അല്ലെങ്കിൽ അവരുടെ ഗുണത്തിനു വേണ്ടിയോ അപേക്ഷ നൽകേണ്ടതും അപ്രകാരം ചേർന്നിട്ടില്ലാത്ത നിയമാനുസൃത പ്രതിനിധികളെ അപേക്ഷയിൽ എതിർ കക്ഷികളായി കക്ഷി ചേർക്കേണ്ടതുമാണ്:

എന്നുമാത്രമല്ല അങ്ങനെയുള്ള ആളോ, ഉടമസ്ഥനോ, നിയമാനുസൃത പ്രതിനിധിയോ, ഏജന്റോ പ്രാതിനിധ്യസ്വഭാവമുള്ള നികായമോ സംഘടനയോ 16-ാം വകുപ്പ് പ്രകാരം ഒരു അപ്പീൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ, ആശ്വാസമോ നഷ്ടപരിഹാരമോ തർക്കം ഒത്തുതീർപ്പാക്കലോ അനുവദിക്കുന്നതിനുള്ള ഒരു അപേക്ഷ കൊടുക്കുന്നതിന് ആളിനോ ഉടമസ്ഥനോ നിയമാനുസൃത പ്രതിനിധിക്കോ പ്രാതിനിധ്യ സ്വഭാവമുള്ള നികായത്തിനോ സംഘടനയ്ക്കോ അവകാശമുണ്ടായിരിക്കുന്നതല്ല.

(3) ഈ ആക്റ്റ് പ്രകാരം ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത അപേക്ഷയോ, അതതുസംഗതിപോലെ, അപ്പീലോ കഴിയുന്നത്ര വേഗത്തിൽ അത് കൈകാര്യം ചെയ്യേണ്ടതും അപേക്ഷയോ, അതതുസംഗതിപോലെ, അപ്പീലോ ഫയൽ ചെയ്ത തീയതി മുതൽ ആറ് മാസങ്ങൾക്കും ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിന് ശേഷം, അപേക്ഷയോ, അതതുസംഗതിപോലെ, അപ്പീലോ അന്തിമമായി തീർപ്പാക്കുന്നതിന് അത് പരിശ്രമിക്കേണ്ടതുമാണ്.

1908-ലെ 5

ട്രിബ്യൂണലിന്റെ നടപടിക്രമവും അധികാരങ്ങളും.

19. (1) 1908-ലെ സിവിൽ നടപടി നിയമസംഹിതയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമം ട്രിബ്യൂണലിനെ ബന്ധിക്കുന്നതല്ല, എന്നാൽ സ്വാഭാവിക നീതിയുടെ തത്വങ്ങളാൽ അത് നയിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് വിധേയമായി ട്രിബ്യൂണലിന് അതിന്റെ സ്വന്തം നടപടിക്രമങ്ങൾ ക്രമീകരിക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

1872-ലെ 1

(3) 1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റിൽ അടങ്ങിയിട്ടുള്ള തെളിവിന്റെ ചട്ടങ്ങളാലും ട്രിബ്യൂണൽ ബന്ധിക്കപ്പെടുന്നതല്ല.

(4) ട്രിബ്യൂണലിന്, ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യങ്ങൾക്കായി, ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ, താഴെ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് 1908-ലെ സിവിൽ നടപടി നിയമസംഹിത പ്രകാരം ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

1908-ലെ 5

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും ശപഥത്തിന്മേൽ വിസ്തരിക്കുന്നതിനും;

(ഖ) പ്രമാണങ്ങളുടെ കണ്ടെത്തലും ഹാജരാക്കലും ആവശ്യപ്പെടുന്നതിനും;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതിനും;

1872-ലെ 1

(ഘ) 1872-ലെ ഇൻഡ്യൻ തെളിവ് ആക്റ്റിലെ 123-ഉം 124-ഉം വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ഓഫീസിൽ നിന്നുള്ള ഏതെങ്കിലും പൊതു രേഖയോ പ്രമാണമോ അല്ലെങ്കിൽ അങ്ങനെയുള്ള രേഖയുടെയോ പ്രമാണത്തിന്റെയോ പകർപ്പോ ആവശ്യപ്പെടുന്നതിനും;

(ങ) സാക്ഷികളുടെ വിസ്താരത്തിനോ പ്രമാണങ്ങളുടെ പരിശോധനയ്ക്കോ ആയി കമ്മീഷനുകളെ നിയമിക്കുന്നതിനും;

(ച) അതിന്റെ തീരുമാനം പുനഃപരിശോധിക്കുന്നതിനും;

(ഛ) വീഴ്ചവരുത്തിയതിന് ഒരു അപേക്ഷ തള്ളിക്കളയുന്നതിനോ അത് എക്സ്പാർട്ടിയായി തീരുമാനിക്കുന്നതിനോ;

(ജ) വീഴ്ചവരുത്തിയതിന് ഏതെങ്കിലും അപേക്ഷ തള്ളിക്കളഞ്ഞ ഏതെങ്കിലും ഉത്തരവ് അല്ലെങ്കിൽ അത് എക്സ്പാർട്ടിയായി പാസ്സാക്കിയ ഏതെങ്കിലും ഉത്തരവ് അസ്ഥിരപ്പെടുത്തുന്നതിനും;

(ഢ) ഈ ആക്റ്റ് പ്രകാരം നൽകിയ ഏതെങ്കിലും അപേക്ഷയിന്മേലോ ഫയൽ ചെയ്ത അപ്പീലിന്മേലോ, ബന്ധപ്പെട്ട കക്ഷികൾക്ക് കേൾക്കപ്പെടുന്നതിനുള്ള ഒരു അവസരം നൽകിയതിനുശേഷം ഒരു ഇടക്കാല ഉത്തരവ് (ഒരു ഇൻജംഗ്ഷനോ സ്റ്റേയോ അനുവദിക്കുന്നതുൾപ്പെടെ) പാസ്സാക്കുന്നതിനും;

(ഞ) I-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും അധിനിയമത്തിന്റെ ഏതെങ്കിലും ലംഘനം വരുത്തുന്നതോ ഉണ്ടാക്കുന്നതോ അവസാനിപ്പിക്കുന്നതിനും പിൻതിരിയുന്നതിനും ഏതെങ്കിലും ആളോട് ആവശ്യപ്പെടുന്ന ഒരു ഉത്തരവ് പാസ്സാക്കുന്നതിനും;

(ട) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും കാര്യങ്ങൾക്കും.

(5) ട്രിബ്യൂണലിന് മുൻപാകെയുള്ള എല്ലാ നടപടികളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയുടെ 196-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി 193-ഉം 219-ഉം 228-ഉം വകുപ്പുകളുടെ അർത്ഥത്തിനുള്ളിൽ വരുന്ന നീതിന്യായനടപടികളായി കരുതപ്പെടേണ്ടതും ട്രിബ്യൂണലിനെ 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയുടെ 195-ാം വകുപ്പിന്റെയും XXVI-ാം അദ്ധ്യായത്തിന്റെയും ആവശ്യങ്ങൾക്കായി ഒരു സിവിൽ കോടതിയായി കരുതപ്പെടേണ്ടതുമാണ്.

1860-ലെ 45
1974-ലെ 2

ട്രിബ്യൂണൽ ചില തത്വങ്ങൾ പ്രയോഗിക്കണമെന്ന്.

20. ട്രിബ്യൂണൽ, ഏതെങ്കിലും ഉത്തരവോ തീരുമാനമോ അവാർഡോ പാസ്സാക്കുമ്പോൾ അഭംഗുരമായ വികസനത്തിന്റെ തത്വങ്ങളും, മുൻകരുതൽ തത്വവും മലിനീകരണം നടത്തുന്നയാൾ പണം നൽകുന്നു എന്ന തത്വവും പ്രയോഗിക്കേണ്ടതാണ്.

തീരുമാനങ്ങൾ ഭൂരിപക്ഷം വഴി എടുക്കണമെന്ന്.

21. അംഗങ്ങളുടെ ഭൂരിപക്ഷത്താലുള്ള ട്രിബ്യൂണലിന്റെ തീരുമാനം ബന്ധിക്കുന്നതാണ്:

എന്നാൽ ഒരു അപേക്ഷയോ അപ്പീലോ കേൾക്കുന്ന അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും അഭിപ്രായം തുല്യമായി വിഭജിക്കപ്പെട്ടാലും, അങ്ങനെയുള്ള അപ്പീലോ അപേക്ഷയോ ചെയർപേഴ്സൺ (അങ്ങനെയുള്ള അപേക്ഷയോ അപ്പീലോ അദ്ദേഹം നേരത്തെ കേട്ടിട്ടില്ലെങ്കിൽ) കേൾക്കേണ്ടതും തീരുമാനിക്കേണ്ടതുമാണ്:

എന്നുമാത്രമല്ല ചെയർപേഴ്സൺ അങ്ങനെയുള്ള അപേക്ഷയോ അപ്പീലോ ട്രിബ്യൂണലിന്റെ മറ്റ് അംഗങ്ങളുമായി ചേർന്ന് അദ്ദേഹം തന്നെ കേൾക്കുന്നിടത്തും, അങ്ങനെയുള്ള സംഗതികളിൽ അംഗങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും അഭിപ്രായം തുല്യമായി വിഭജിക്കപ്പെട്ടിരുന്നാലും, അദ്ദേഹം ട്രിബ്യൂണലിന്റെ മറ്റ് അംഗങ്ങൾക്ക് സംഗതി റഫർ ചെയ്യേണ്ടതും അവർ അങ്ങനെയുള്ള അപേക്ഷയോ അപ്പീലോ കേൾക്കേണ്ടതും തീരുമാനിക്കേണ്ടതുമാണ്.

22. ട്രിബ്യൂണലിന്റെ ഏതെങ്കിലും അവാർഡോ തീരുമാനമോ ഉത്തരവോ മൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക്, ട്രിബ്യൂണലിന്റെ അവാർഡിന്റെയോ തീരുമാനത്തിന്റെയോ ഉത്തരവിന്റെയോ അറിയിപ്പ് അയാൾക്ക് കിട്ടുന്ന തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്കകം, 1908-ലെ സിവിൽ നടപടി നിയമസംഹിതയുടെ 100-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒന്നോ അതിലധികമോ കാരണങ്ങളിൻമേൽ സുപ്രീംകോടതിയിൽ ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്: സുപ്രീംകോടതിയിലേക്കുള്ള അപ്പീൽ. 1908-ലെ 5

എന്നാൽ സുപ്രീംകോടതിക്ക് തൊണ്ണൂറ് ദിവസങ്ങൾക്ക് ശേഷമുള്ള ഏതെങ്കിലും അപ്പീൽ, അപ്പീൽ നൽകുന്നതിൽനിന്നും അപ്പീൽവാദി മതിയായ കാരണത്താൽ തടയപ്പെട്ടിരുന്നുവെന്ന് അതിന് ബോദ്ധ്യമാവുകയാണെങ്കിൽ പരിഗണനയ്ക്കെടുക്കാവുന്നതാണ്.

23. (1) ഈ ആക്റ്റ് പ്രകാരം ഒരു അപേക്ഷയോ ഒരു അപ്പീലോ തീർപ്പാക്കുമ്പോൾ, ട്രിബ്യൂണലിന്, ചെലവ് സംബന്ധിച്ച് അത് ആവശ്യമെന്ന് കരുതാവുന്ന, അങ്ങനെയുള്ള ഉത്തരവ് പാസ്സാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്. ചെലവ്.

(2) ഒരു അവകാശവാദം നിലനിൽക്കാത്തതോ വ്യാജമോ ശല്യപരമോ ആണെന്ന് ട്രിബ്യൂണൽ അഭിപ്രായപ്പെടുകയും, അങ്ങനെയുള്ള അവകാശവാദം പൂർണ്ണമായോ ഭാഗികമായോ അനുവദിക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, ട്രിബ്യൂണലിന് അപ്രകാരം യുക്തമെന്ന് അതിന് തോന്നിയാൽ, അങ്ങനെയുള്ള അവകാശവാദം വ്യാജമോ ശല്യപരമോ ആണെന്ന അഭിപ്രായത്തിനുള്ള അതിന്റെ കാരണങ്ങൾ രേഖപ്പെടുത്തിയശേഷം, ചെലവുകൾ, ഏതെങ്കിലും ഇടക്കാല ഇൻജംഗ്ഷൻ മൂലം നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ ഉൾപ്പെടെ, വിധിക്കുന്നതിനുള്ള ഒരു ഉത്തരവ് പാസ്സാക്കാവുന്നതാണ്.

24. (1) പരിസ്ഥിതിക്ക് ഏതെങ്കിലും നാശനഷ്ടമുണ്ടെന്ന കാരണത്തിന്മേൽ ട്രിബ്യൂണൽ പാസ്സാക്കിയ ഏതെങ്കിലും അവാർഡോ ഉത്തരവോ പ്രകാരം നഷ്ടപരിഹാരമായോ ആശ്വാസമായോ ഏതെങ്കിലും തുക കൊടുക്കുവാൻ ഉത്തരവായിരിക്കുന്നിടത്ത്, ആ തുക 1991-ലെ പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് ആക്റ്റിന്റെ 7ക വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥാനത്ത് ആ വകുപ്പ് പ്രകാരം സ്ഥാപിച്ചിട്ടുള്ള എൻവയോൺമെന്റൽ റിലീഫ് ഫണ്ടിൽ വരവ് വയ്ക്കുന്നതിനായി അടയ്ക്കേണ്ടതാണ്. പരിസ്ഥിതി നാശനഷ്ടത്തിന് കൊടുക്കേണ്ടതായ തുകയുടെ നിക്ഷേപം. 1991-ലെ 6

(2) (1)-ാം ഉപവകുപ്പ് പ്രകാരം എൻവയോൺമെന്റൽ റിലീഫ് ഫണ്ടിൽ വരവുവച്ചിട്ടുള്ള നഷ്ടപരിഹാരത്തിന്റെയോ ആശ്വാസത്തിന്റെയോ തുക, 1991-ലെ പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും പരിസ്ഥിതിയുമായി ബന്ധപ്പെട്ട അങ്ങനെയുള്ള ആവശ്യങ്ങൾക്കുംവേണ്ടി അങ്ങനെയുള്ള ആളുകളാലോ അധികാര സ്ഥാനത്താലോ ഉപയോഗപ്പെടുത്താവുന്നതാണ്. 1991-ലെ 6

ട്രിബ്യൂണലിന്റെ അവാർഡിന്റെയോ ഉത്തരവിന്റെയോ തീരുമാനത്തിന്റെയോ നടപ്പാക്കൽ

25. (1) ഈ ആക്റ്റ് പ്രകാരമുള്ള ട്രിബ്യൂണലിന്റെ ഒരു അവാർഡോ ഉത്തരവോ തീരുമാനമോ ഒരു സിവിൽ കോടതിയുടെ ഒരു വിധിപോലെ ട്രിബ്യൂണൽ നടപ്പാക്കാവുന്നതും, ഈ ആവശ്യത്തിനായി, ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ട്രിബ്യൂണലിന് അത് പാസ്സാക്കിയ ഏതെങ്കിലും ഉത്തരവോ അവാർഡോ തദ്ദേശാധികാരിതയുള്ള ഒരു സിവിൽ കോടതിയ്ക്ക് അയച്ചു കൊടുക്കാവുന്നതും അങ്ങനെയുള്ള സിവിൽ കോടതി അത് ആ കോടതി പാസ്സാക്കിയിട്ടുള്ള ഒരു വിധി എന്നതുപോലെ ഉത്തരവോ അവാർഡോ നടപ്പാക്കേണ്ടതുമാണ്.

(3) ഏതെങ്കിലും ആളിന്റെ മരണത്തിനോ ക്ഷതത്തിനോ ഏതെങ്കിലും വസ്തുവിന്റെയും പരിസ്ഥിതിയുടെയും നാശനഷ്ടത്തിനോ ഉത്തരവാദിയായ ആൾ ആർക്കെതിരെയാണ് ട്രിബ്യൂണൽ അവാർഡോ ഉത്തരവോ പാസ്സാക്കിയിരിക്കുന്നത്, അയാൾ ട്രിബ്യൂണൽ നിർദ്ദേശിച്ച പ്രകാരമുള്ള തുക അവാർഡിലോ ഉത്തരവിലോ അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ നൽകുന്നതിലോ നിക്ഷേപിക്കുന്നതിലോ വീഴ്ചവരുത്തുന്നിടത്ത്, ഈ ആക്റ്റോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമമോ പ്രകാരമുള്ള ഒരു കുറ്റത്തിനായുള്ള പ്രോസിക്യൂഷനുവേണ്ടി പരാതി ഫയൽ ചെയ്യുന്നതിന് ഭംഗം വരാതെ, അങ്ങനെയുള്ള തുക മുൻപറഞ്ഞ ആളിൽനിന്നും ഭൂനികുതിയുടെയോ പൊതു ആവശ്യപ്പെടലിന്റെയോ കുടിശ്ശിക എന്നപോലെ വസൂലാക്കാവുന്നതാണ്.

## അദ്ധ്യായം IV

## ശിക്ഷ

ട്രിബ്യൂണലിന്റെ ഉത്തരവുകൾ അനുസരിക്കുന്നതിൽ വീഴ്ചവരുത്തുന്നതിനുള്ള ശിക്ഷ.

26. (1) ഏതൊരാളാണോ, ഈ ആക്റ്റ് പ്രകാരമുള്ള ട്രിബ്യൂണലിന്റെ ഏതെങ്കിലും ഉത്തരവോ അവാർഡോ തീരുമാനമോ അനുസരിക്കുന്നതിൽ വീഴ്ച വരുത്തുന്നത്, അയാളെ മൂന്ന് വർഷം വരെയാകാവുന്ന ഒരു കാലത്തേക്കുള്ള തടവ് ശിക്ഷയ്ക്ക് അല്ലെങ്കിൽ പത്തുകോടി രൂപ വരെയാകാവുന്ന പിഴയ്ക്ക് അല്ലെങ്കിൽ രണ്ടിനും കൂടിയും, വീഴ്ചയോ ലംഘനമോ തുടരുന്ന സംഗതിയിൽ, അങ്ങനെയുള്ള ആദ്യത്തെ വീഴ്ചയ്ക്കോ ലംഘനത്തിനോ ഉള്ള കുറ്റസ്ഥാപനത്തിനു ശേഷം അങ്ങനെയുള്ള വീഴ്ചയോ ലംഘനമോ തുടരുന്ന ഓരോ ദിവസത്തേയ്ക്കും ഇരുപത്തി അയ്യായിരം രൂപ വരെയാകാവുന്ന അധിക പിഴയ്ക്കും ശിക്ഷിക്കേണ്ടതാണ്:

എന്നാൽ ട്രിബ്യൂണലിന്റെ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും ഉത്തരവോ അവാർഡോ ഒരു തീരുമാനമോ അനുസരിക്കുന്നതിൽ ഒരു കമ്പനി വീഴ്ച വരുത്തുന്ന സംഗതിയിൽ, അങ്ങനെയുള്ള കമ്പനിയെ ഇരുപത്തിയഞ്ച് കോടി രൂപ വരെയാകാവുന്ന

പിഴയ്ക്കും വീഴ്ചയോ ലംഘനമോ തുടരുന്ന സംഗതിയിൽ, അങ്ങനെയുള്ള ആദ്യത്തെ വീഴ്ചയ്ക്കോ ലംഘനത്തിനോ ഉള്ള കുറ്റ സ്ഥാപനത്തിന് ശേഷം അങ്ങനെയുള്ള വീഴ്ചയോ ലംഘനമോ തുടരുന്ന ഓരോ ദിവസത്തേയ്ക്കും ഒരു ലക്ഷം രൂപ വരെയാകാവുന്ന അധിക പിഴയ്ക്കും ശിക്ഷിക്കേണ്ടതാണ്.

(2) 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു കുറ്റവും പ്രസ്തുത നിയമസംഹിതയുടെ അർത്ഥത്തിനുള്ളിൽ വരുന്ന കൊഗ്നൈസബിളല്ലാത്തതായി കരുതപ്പെടേണ്ടതാണ്. *1974-ലെ 2*

*കമ്പനികളാലുള്ള കുറ്റങ്ങൾ.*

27. (1) ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി, നേരിട്ട് അതിന്റെ ചാർജ് ഉണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഓരോ ആളും അതുപോലെ തന്നെ കമ്പനിയും കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടുവാനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്യപ്പെട്ടത് അയാളുടെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുന്നതിന് അയാൾ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും ഒരു ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

സർക്കാർ വകുപ്പിനാലുള്ള കുറ്റങ്ങൾ.

28. (1) ട്രിബ്യൂണലിന്റെ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും ഉത്തരവോ അവാർഡോ തീരുമാനമോ പാലിക്കുന്നതിൽ ഏതെങ്കിലും സർക്കാർ വകുപ്പ് വീഴ്ച വരുത്തുന്നിടത്ത്, അങ്ങനെയുള്ള വീഴ്ചയ്ക്ക് വകുപ്പ് മേധാവിയെ അപരാധിയായി കരുതേണ്ടതും ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തതിന് എതിരായി നടപടിയെടുക്കപ്പെടുവാനും അതനുസരിച്ച് ശിക്ഷിക്കപ്പെടുവാനും ബാദ്ധ്യസ്ഥനാകുന്നതുമാണ്:

എന്നാൽ കുറ്റം ചെയ്തത് അയാളുടെ അറിവോടുകൂടിയല്ലായിരുന്നുവെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുന്നതിന് വേണ്ടത്ര എല്ലാ ശ്രദ്ധയും അയാൾ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള വകുപ്പ് മേധാവിയെ ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം സർക്കാരിന്റെ ഒരു വകുപ്പ് ചെയ്തിരിക്കുകയും ആ കുറ്റം ചെയ്തിരിക്കുന്നത്, വകുപ്പ് മേധാവി ഒഴികെയുള്ള, ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടെയോ മൗനാനുവാദത്തോടുകൂടിയോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത് അങ്ങനെയുള്ള ഉദ്യോഗസ്ഥൻ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടിയെടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

## അദ്ധ്യായം V

## പലവക

അധികാരിതയ്ക്ക് തടസ്സം.

29. (1) ഈ ആക്റ്റ് പ്രകാരം ട്രിബ്യൂണൽ സ്ഥാപിതമായ തീയതി മുതൽ, ട്രിബ്യൂണലിന് അതിന്റെ അപ്പീൽ അധികാരിതയിൻ കീഴിൽ തീരുമാനിക്കുന്നതിന് അധികാരം നൽകിയിട്ടുള്ള ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ള ഏതെങ്കിലും അപ്പീൽ പരിഗണിക്കുന്നതിന് യാതൊരു സിവിൽ കോടതിയ്ക്കും അധികാരിതയുണ്ടായിരിക്കുന്നതല്ല.

(2) ട്രിബ്യൂണലിനാൽ ന്യായനിർണ്ണയം ചെയ്യപ്പെടാവുന്ന തർക്കം ഒത്തുതീർപ്പാക്കുന്നതിനോ നാശനഷ്ടമുണ്ടായ വസ്തുവിനോ നാശനഷ്ടമുണ്ടായ പരിസ്ഥിതിയ്ക്കോ ഏതെങ്കിലും ആശ്വാസമോ നഷ്ടപരിഹാരമോ പൂർവ്വസ്ഥിതിയിലാക്കലോ അനുവദിക്കുന്നതിനുള്ള ഏതെങ്കിലും അവകാശവാദവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രശ്നം പരിഗണിക്കുന്നതിലോ യാതൊരു സിവിൽ കോടതിയ്ക്കും അധികാരിതയുണ്ടായിരിക്കുന്നതല്ലാത്തതും അങ്ങനെയുള്ള തർക്കത്തിന്റെ ഒത്തുതീർപ്പാക്കലുമായോ നാശനഷ്ടമുണ്ടായ വസ്തുവിനോ നാശനഷ്ടമുണ്ടായ പരിസ്ഥിതിയ്ക്കോ ഏതെങ്കിലും ആശ്വാസമോ നഷ്ടപരിഹാരമോ

പൂർവ്വസ്ഥിതിയിലാക്കലോ അനുവദിക്കുന്നതിനുള്ള അങ്ങനെയുള്ള അവകാശവാദവുമായി ബന്ധപ്പെട്ട് ട്രിബ്യൂണൽ എടുത്തതോ എടുക്കുവാനുള്ളതോ അല്ലെങ്കിൽ അതിന്റെ മുൻപാകെയുള്ളതോ ആയ ഏതെങ്കിലും നടപടി സംബന്ധിച്ച് യാതൊരു ഇൻജംഗ്ഷനും സിവിൽ കോടതി അനുവദിക്കുവാൻ പാടില്ലാത്തതുമാണ്.

*കുറ്റങ്ങൾ നടപടിയ്ക്കെടുക്കൽ.*

30. (1) യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും കുറ്റം,—

(ക) കേന്ദ്ര സർക്കാരോ ആ സർക്കാർ ഇതിലേക്കായി പ്രാധികാരപ്പെടുത്തിയ ഏതെങ്കിലും അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ; അല്ലെങ്കിൽ

(ഖ) ആരോപിക്കപ്പെട്ട കുറ്റത്തിനെക്കുറിച്ചും കേന്ദ്ര സർക്കാരിനോ മുൻപറഞ്ഞപ്രകാരം പ്രാധികാരപ്പെടുത്തിയ അധികാരസ്ഥാനത്തിനോ ഉദ്യോഗസ്ഥനോ ഒരു പരാതി നൽകുന്നതിനുള്ള അയാളുടെ ഉദ്ദേശ്യത്തെക്കുറിച്ചും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അറുപത് ദിവസത്തിൽ കുറയാതെയുള്ള നോട്ടീസ് നൽകിയിട്ടുള്ള ഏതെങ്കിലും ആളോ,

നൽകിയ ഒരു പരാതിയിൻമേലല്ലാതെ നടപടിയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതെങ്കിലും കുറ്റം ഒരു മെട്രോപൊളിറ്റൻ മജിസ്ട്രേട്ടിന്റെയോ, ഒരു ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടിന്റെയോ താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടുള്ളതല്ല.

*ട്രിബ്യൂണലിന്റെ അംഗങ്ങളും സ്റ്റാഫും പബ്ലിക് സർവന്റുമാർ ആയിരിക്കുമെന്ന്.*

31. ട്രിബ്യൂണലിന്റെ ചെയർപേഴ്സണെയും ജുഡീഷ്യലും വിദഗ്ദ്ധരുമായ അംഗങ്ങളെയും ഉദ്യോഗസ്ഥരെയും മറ്റ് ജീവനക്കാരെയും ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിലെ പബ്ലിക് സർവന്റുമാരായി കരുതപ്പെടേണ്ടതാണ്. *1860-ലെ 45*

*ഉത്തമവിശ്വാസ പൂർവ്വം ചെയ്ത പ്രവൃത്തികൾക്കുള്ള സംരക്ഷണം.*

32. (1) ഈ ആക്റ്റിനോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ എന്തിനെങ്കിലും വേണ്ടി, കേന്ദ്ര സർക്കാരിന്റെയോ ഒരു സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും നിയമപ്രകാരമുള്ള അധികാരസ്ഥാനത്തിന്റെയോ ജീവനക്കാർക്കെതിരെ യാതൊരു വ്യവഹാരമോ മറ്റു നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിനോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ഉത്തരവിനോ അനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കപ്പെട്ടതോ ആയ എന്തിനെങ്കിലും വേണ്ടി ട്രിബ്യൂണലിന്റെ ചെയർപേഴ്സണോ, ജുഡീഷ്യൽ അംഗത്തിനോ വിദഗ്ദ്ധ അംഗത്തിനോ അല്ലെങ്കിൽ ചെയർപേഴ്സണോ ജുഡീഷ്യൽ അംഗമോ വിദഗ്ദ്ധ അംഗമോ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

*ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കു മെന്ന്.*

33. തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ ഈ ആക്റ്റ് അല്ലാതെയുള്ള മറ്റേതെങ്കിലും നിയമത്തിന്റെ ബലത്താൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവമുണ്ടായിരിക്കുന്നതാണ്.

*I-ാം പട്ടിക ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം.*

34. (1) കേന്ദ്ര സർക്കാരിന്, വിജ്ഞാപനം വഴി, I-ാം പട്ടിക, പരിസ്ഥിതി സംരക്ഷണവും പ്രകൃതി വിഭവങ്ങളുടെ പരിരക്ഷണവും എന്ന ലക്ഷ്യത്തിന് പരിഗണന നൽകിക്കൊണ്ട് പാർലമെന്റിനാൽ അധിനിയമം ചെയ്ത ഏതെങ്കിലും ആക്റ്റ് ഉൾപ്പെടുത്തിക്കൊണ്ടോ അതിൽനിന്നും നേരത്തെ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആക്റ്റ് വിട്ടുകളഞ്ഞുകൊണ്ടോ ഭേദഗതി ചെയ്യാവുന്നതും അങ്ങനെയുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതിയിൽ അങ്ങനെയുള്ള ആക്റ്റ് I-ാം പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടതായോ, അതതുസംഗതിപോലെ, അതിൽ നിന്നും വിട്ടുകളഞ്ഞതായോ കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓരോ വിജ്ഞാപനത്തിന്റെയും ഒരു പകർപ്പ്, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേയ്ക്ക് കരട് രൂപത്തിൽ വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുൻപ് ഇരു സഭകളും വിജ്ഞാപനം പുറപ്പെടുവിക്കുന്നത് അംഗീകരിക്കാതിരിക്കുന്നതിൽ യോജിക്കുകയോ ഇരു സഭകളും വിജ്ഞാപനത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതതുസംഗതിപോലെ, വിജ്ഞാപനം പുറപ്പെടുവിക്കാതിരിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും യോജിക്കാവുന്ന പ്രകാരം അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പുറപ്പെടുവിക്കുകയോ ചെയ്യേണ്ടതാണ്.

*ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.*

35. (1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 4-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ക) ഖണ്ഡപ്രകാരം ട്രിബ്യൂണൽ മുമ്പാകെ ഹാജരാകുന്നതിന് അവകാശമുള്ള ആളുകൾ ആരെല്ലാമാണെന്നത് സംബന്ധിച്ച ചട്ടങ്ങൾ;

(ഖ) 4-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം അപേക്ഷകളും അപ്പീലുകളും അപേക്ഷകളുമായും അപ്പീലുകളുമായും ബന്ധപ്പെട്ടിരിക്കുന്ന മറ്റ് കാര്യങ്ങളും കേൾക്കുന്നതിനുള്ള നടപടിക്രമം;

(ഗ) 4-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ഗ) ഖണ്ഡപ്രകാരം ഏതെങ്കിലും തരമോ തരങ്ങളോ അപേക്ഷകളും അപ്പീലുകളും സംബന്ധിച്ച് അപേക്ഷകളും അപ്പീലുകളും കേൾക്കേണ്ട അംഗങ്ങളുടെ ഏറ്റവും കുറഞ്ഞ എണ്ണം;

(ഘ) ഒരു ഉപവേശന സ്ഥലത്തുനിന്നും (സാധാരണയായി ഉപവേശനം നടത്തുന്ന സ്ഥലം ഉൾപ്പെടെ) മറ്റ് ഉപവേശന സ്ഥല ത്തേയ്ക്ക് ചെയർപേഴ്സണാലുള്ള കേസുകളുടെ മാറ്റം;

(ങ) 6-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ടിബ്യൂണലിന്റെ ജുഡീഷ്യൽ അംഗത്തിന്റേയും വിദഗ്ദ്ധ അംഗത്തിന്റേയും സെലക്ഷൻ കമ്മിറ്റിയും നിയമനരീതിയും;

(ച) 9-ാം വകുപ്പ് പ്രകാരം ടിബ്യൂണലിന്റെ ചെയർപേഴ്സണും ജുഡീഷ്യൽ അംഗത്തിനും വിദഗ്ദ്ധ അംഗത്തിനും നൽകേണ്ടതായ ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റ് നിബന്ധനകളും ഉപാധികളും (പെൻഷനും ഗ്രാറ്റുവിറ്റിയും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും ഉൾപ്പെടെ);

(ഛ) 10-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ചെയർ പേഴ്സണോ ജുഡീഷ്യൽ അംഗത്തിനോ എതിരായുള്ള ചാർജ്ജു കളുടെ അന്വേഷണ വിചാരണയ്ക്കുള്ള നടപടിക്രമം;

(ജ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും റിക്രൂട്ട്മെന്റും ആ വകുപ്പിന്റെ (4)-ാം ഉപവകുപ്പുപ്രകാരം ട്രിബ്യൂണലിന്റെ ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവനത്തിന്റെ മറ്റ് ഉപാധികളും;

(ഝ) 13-ാം വകുപ്പ് പ്രകാരം ട്രിബ്യൂണലിന്റെ ചെയർപേഴ്സൺ വിനിയോഗിക്കേണ്ട ധനപരവും ഭരണപരവുമായ അധികാരങ്ങൾ;

(ഞ) 18-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയുടെയോ അപ്പീലിന്റെയോ ഫാറവും അതിൽ അടങ്ങി യിരിക്കേണ്ട വിവരങ്ങളും അതിനോടൊപ്പമുണ്ടായിരിക്കേണ്ട രേഖകളും അടയ്ക്കേണ്ട ഫീസും;

(ട) 19-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ട) ഖണ്ഡപ്രകാരം അങ്ങനെയുള്ള ഏതു കാര്യം സംബന്ധിച്ചാണ് ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതെന്ന്;

(ഠ) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പരിസ്ഥിതി ആശ്വാസനിധിയിൽ വരവ് വച്ചിട്ടുള്ള നഷ്ടപരിഹാരത്തിന്റെയോ ആശ്വാസത്തിന്റെയോ തുക ഏതു രീതിയിലും ഏതൊക്കെ ആവശ്യങ്ങൾക്കായുമാണ് ഉപയോഗിക്കേണ്ടതെന്ന്;

(ഡ) 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം ഒരു പരാതി കൊടുക്കുന്നതിനുള്ള നോട്ടീസ് നൽകുന്നതിന്റെ രീതി;

(ഢ) ചട്ടങ്ങളാൽ വിനിർദ്ദേശിക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതോ വിനിർദ്ദേശിക്കപ്പെടാവുന്നതോ അഥവാ ചട്ടങ്ങളാൽ അതു സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കേണ്ടതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻ കീഴിൽ കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ

സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്ത് വരുന്ന സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഇരു സഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെയുള്ള രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

*ചില അധിനിയമങ്ങളുടെ ഭേദഗതി.*

36. ഈ ആക്റ്റിന്റെ III-ാം പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധിനിയമങ്ങൾ അതിൽ വിനിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ഭേദഗതി ചെയ്യേണ്ടതും അങ്ങനെയുള്ള ഭേദഗതികൾ ട്രിബ്യൂണൽ സ്ഥാപിതമാകുന്ന തീയതിയിൽ പ്രാബല്യത്തിൽ വരേണ്ടതുമാണ്.

*വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം.*

37. (1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യം ഉണ്ടാകുകയാണെങ്കിൽ കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്താവുന്ന ഉത്തരവുവഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് അതിന് തോന്നാവുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷത്തെ ഒരു കാലാവധി കഴിഞ്ഞതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം, ആകുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുൻപാകെ വയ്ക്കേണ്ടതാണ്.

*റദ്ദാക്കലും ഒഴിവാക്കലും.*

38. (1) 1995-ലെ നാഷണൽ എൻവയോൺമെന്റ് ട്രിബ്യൂണൽ ആക്റ്റും, *1995-ലെ 27*
1997-ലെ ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ആക്റ്റും ഇതിനാൽ *1997-ലെ 22*
റദ്ദാക്കിയിരിക്കുന്നു (ഇതിനുശേഷം റദ്ദാക്കിയ ആക്റ്റ് എന്ന് പരാമർശിച്ചിരിക്കുന്നു.).

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും ആ ആക്റ്റുകളിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റിന്റെ തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(3) 1997-ലെ ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ആക്റ്റിന്റെ *1997-ലെ 22*
3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാനം, 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റ് പ്രകാരം ഹരിത ട്രിബ്യൂണൽ സ്ഥാപിതമാകുന്നതിൻമേൽ ഇല്ലാതായിത്തീരുന്നതാണ്.

(4) 1997-ലെ ദേശീയ പരിസ്ഥിതി അപ്പീലധികാര ട്രിബ്യൂണൽ *1997-ലെ 22*
ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാനം ഇല്ലാതായിത്തീരുന്നതിൻമേൽ, 2010-ലെ

ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റ് പ്രകാരം ദേശീയ ഹരിത ട്രിബ്യൂണൽ സ്ഥാപിക്കുന്നതിന് തൊട്ടുമുൻപ് പ്രസ്തുത ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാനത്തിന്റെ ചെയർപേഴ്സ്ണായും വൈസ് ചെയർ പേഴ്സണായും നിയമിക്കപ്പെട്ട ആളുകളും, അംഗമായി നിയമിക്കപ്പെടുകയും അപ്രകാരം ഉദ്യോഗം വഹിക്കുകയും ചെയ്യുന്ന മറ്റേതൊരാളും, യഥാക്രമം അവരുടെ ഉദ്യോഗം ഒഴിയേണ്ടതും അങ്ങനെയുള്ള യാതൊരു ചെയർപേഴ്സണും വൈസ് ചെയർപേഴ്സണും അംഗമായി നിയമിക്കപ്പെട്ട മറ്റേതൊരാൾക്കും അയാളുടെ ഔദ്യോഗിക കാലാവധി കഴിയുന്നതിനു മുൻപുള്ള അവസാനിപ്പിക്കലിന്, അല്ലെങ്കിൽ ഏതെങ്കിലും സേവന കരാറിന്റെ അവസാനിപ്പിക്കലിന് ഏതെങ്കിലും നഷ്ടപരിഹാരം അവകാശപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ലാത്തുതമാണ്.

(5) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റ് പ്രകാരം ദേശീയ ഹരിത ട്രിബ്യൂണൽ സ്ഥാപിക്കുന്നതിൻമേലോ അതിന് മുൻപോ 1997-ലെ ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാന ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ പരിസ്ഥിതി അപ്പീലധികാര സ്ഥാനത്തിന് മുമ്പാകെ നിലവിലുള്ള എല്ലാ കേസുകളും, അങ്ങനെ സ്ഥാപിതമാകുന്നതിൻമേൽ, പ്രസ്തുത ദേശീയ ഹരിത ട്രിബ്യൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി നിലനിൽക്കുന്നതും അവ ആ ആക്റ്റ് പ്രകാരം ഫയൽ ചെയ്ത കേസുകൾ എന്നതുപോലെ ദേശീയ ഹരിത ട്രിബ്യൂണൽ അങ്ങനെയുള്ള കേസുകൾ തീർപ്പാക്കേണ്ടതുമാണ്. 1997-ലെ 22

(6) ദേശീയ ഹരിത അപ്പീലധികാരസ്ഥാനം ഇല്ലാതാകുന്നതിന് തൊട്ടുമുമ്പ്, ദേശീയ ഹരിത അപ്പീലധികാരസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അങ്ങനെയുള്ള ഇല്ലാതാകലിൻമേൽ അവരുടെ മാതൃവിഭാഗത്തിലേക്ക്, മന്ത്രാലയത്തിലേക്ക് അല്ലെങ്കിൽ വകുപ്പിലേക്ക്, അതതുസംഗതിപോലെ, തിരികെ അയയ്ക്കപ്പെട്ടതായി നിലനിൽക്കുന്നതാണ്.

(7) ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാനം ഇല്ലാതാകുന്നതിൻമേൽ, ദേശീയ പരിസ്ഥിതി അപ്പീലധികാരസ്ഥാനത്തിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതും അങ്ങനെയുള്ള ഇല്ലാതാകലിന് തൊട്ടുമുൻപ് വരെ ആ നിലയിൽ ഉദ്യോഗം വഹിച്ചിരുന്നതുമായ ഉദ്യോഗസ്ഥരും ജീവനക്കാരും, യഥാക്രമം അവരുടെ ഉദ്യോഗങ്ങൾ ഒഴിയേണ്ടതും, സേവന കരാറിൻകീഴിലുള്ള അവരുടെ ഉദ്യോഗ കാലാവധി കഴിയുന്നതിനുമുമ്പുള്ള അവസാനിപ്പിക്കലിന് മൂന്ന് മാസത്തെ ശമ്പളവും ബത്തയുമോ അല്ലെങ്കിൽ മിച്ചമുള്ള സേവനകാലാവധിയുടെ ശമ്പളവും ബത്തയുമോ, ഏതാണോ കുറവ്, അത് നഷ്ടപരിഹാരമായി അവകാശപ്പെടുന്നതിന് അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കും മറ്റ് ജീവനക്കാർക്കും അവകാശമുണ്ടായിരിക്കുന്നതാണ്.

(8) (2) മുതൽ (7) വരെ ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള പ്രത്യേക കാര്യങ്ങളുടെ പരാമർശം റദ്ദാക്കലിന്റെ പ്രഭാവത്തെ സംബന്ധിച്ചുള്ള 1897-ലെ സാമാന്യ ഖണ്ഡങ്ങൾ ആക്റ്റിലെ 6-ാം വകുപ്പിന്റെ പൊതുവായ ബാധകതയ്ക്ക് ഭംഗം വരുത്തുകയോ ബാധിക്കുകയോ ചെയ്യുന്നതായി കണക്കാക്കുവാൻ പാടുള്ളതല്ല. 1897-ലെ 10

## പട്ടിക I

[14 (1)-ഉം 15(1)-ഉം 17(1)-ഉം 17(2)-ഉം 19(4)(ഞ)-യും 34(1)-ഉം വകുപ്പുകൾ കാണുക]

1. 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റ്;
2. 1977-ലെ ദി വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) സെസ്സ് ആക്റ്റ്;
3. 1980-ലെ ദി ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റ്;
4. 1981-ലെ ദി എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്റ്റ്;
5. 1986-ലെ ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റ്;
6. 1991-ലെ ദി പബ്ലിക് ലയബിലിറ്റി ഇൻഷുറൻസ് ആക്റ്റ്;
7. 2002-ലെ ദി ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റ്.

## പട്ടിക II

[15 (4)-ഉം 17(1)-ഉം വകുപ്പുകൾ കാണുക]

**നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരമോ ആശ്വാസമോ ഏത് ശീർഷകങ്ങളിൻകീഴിൽ അവകാശപ്പെടാവുന്നതാണെന്ന്**

(ക) മരണം;

(ഖ) സ്ഥിരമോ താൽക്കാലികമോ പൂർണ്ണമോ ഭാഗികമോ ആയ വൈകല്യം അഥവാ മറ്റു ക്ഷതമോ രോഗമോ;

(ഗ) പൂർണ്ണമോ ഭാഗികമോ ആയ വൈകല്യമോ സ്ഥിരമോ താൽക്കാലികമോ ആയ വൈകല്യമോ മൂലമുള്ള വേതനനഷ്ടം;

(ഘ) ക്ഷതത്തിന്റെയോ രോഗത്തിന്റെയോ ചികിൽസയ്ക്ക് നേരിട്ട മെഡിക്കൽ ചെലവുകൾ;

(ങ) സ്വകാര്യ വസ്തുവിനുണ്ടായ നാശനഷ്ടം;

(ച) ബാധിതരായ വ്യക്തികൾക്ക് ആശ്വാസവും സഹായവും പുനരധിവാസവും ലഭ്യമാക്കുന്നതിന് സർക്കാരിനോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിനോ നേരിട്ട ചെലവുകൾ;

(ഛ) ഏതെങ്കിലും ഭരണപരമോ നിയമപരമോ ആയ നടപടിക്കോ അല്ലെങ്കിൽ പരിസ്ഥിതിയുടെ അധഃപതനത്തിനുള്ള നഷ്ടപരിഹാരവും പരിസ്ഥിതിയുടെ ഗുണനിലവാരത്തിന്റെ പുനഃസ്ഥാപനവും ഉൾപ്പെടെ, ഏതെങ്കിലും ഹാനിയോ നാശനഷ്ടമോ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനോ സർക്കാരിന് നേരിട്ട ചെലവുകൾ;

(ജ) ഏതെങ്കിലും നാശനഷ്ടമുണ്ടാക്കുന്നതായ പ്രവൃത്തിയിൽ നിന്ന് ഉത്ഭവിക്കുന്നതോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടോ സർക്കാരിനോ തദ്ദേശാധികാരസ്ഥാനത്തിനോ ഉള്ള നഷ്ടം;

(ഝ) കറവയുള്ളതും ഭാരം ചുമക്കുന്നതുമായ മൃഗങ്ങളും ജലജന്തുജാലവും ഉൾപ്പെടെയുള്ള ജന്തുജാലത്തിന് ഏതെങ്കിലും ഹാനിയോ നാശനഷ്ടമോ നശീകരണമോ കാരണമായുള്ള അവകാശവാദങ്ങൾ;

(ഞ) ജലസസ്യജാലങ്ങളും വിളകളും പച്ചക്കറികളും മരങ്ങളും ഫലോദ്യാനങ്ങളും ഉൾപ്പെടെയുള്ള സസ്യജാലത്തിന് ഏതെങ്കിലും ഹാനിയോ നാശനഷ്ടമോ നശീകരണമോ കാരണമായുള്ള അവകാശവാദങ്ങൾ;

(ട) മണ്ണിന്റെയും വായുവിന്റെയും ജലത്തിന്റെയും ഭൂമിയുടെയും പരിസ്ഥിതിഘടനയുടെയും മലിനീകരണം ഉൾപ്പെടെ പരിസ്ഥിതിയ്ക്കുള്ള ഏതെങ്കിലും ഹാനിയോ നാശനഷ്ടമോ കാരണമായുള്ള പുനഃസ്ഥാപനത്തിന്റെ ചെലവ് ഉൾപ്പെടെയുള്ള അവകാശവാദങ്ങൾ;

(ഠ) സ്വകാര്യ വസ്തു അല്ലാത്ത ഏതെങ്കിലും വസ്തുവിന്റെ നഷ്ടവും നശീകരണവും;

(ഡ) ബിസിനസ്സിനോ തൊഴിലിനോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ഉണ്ടായ നഷ്ടം;

(ഢ) അപായസാദ്ധ്യതയുള്ള പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന ഏതെങ്കിലും പ്രവൃത്തിയിൽ നിന്നോ അതുമായി ബന്ധപ്പെട്ടോ ഉത്ഭവിക്കുന്ന മറ്റേതെങ്കിലും അവകാശവാദം.

## പട്ടിക III

(36-ാം വകുപ്പ് കാണുക)

## ചില അധിനിയമങ്ങൾക്കുള്ള ഭേദഗതി

ഭാഗം I

## 1974-ലെ ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്റ്റിനുള്ള ഭേദഗതി

(1974-ലെ 6)

*33 ഖ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.*

33 ക വകുപ്പിന് ശേഷം, താഴെ പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

*ദേശീയ ഹരിത ട്രിബ്യൂണലിലേക്കുള്ള അപ്പീൽ.*

"33 ഖ. (ക) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ 28-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച അപ്പീലധികാരസ്ഥാനത്തിന്റെ ഒരു ഉത്തരവിനാലോ തീരുമാനത്തിനാലോ;

(ഖ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ 29-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ പാസ്സാക്കിയ ഒരു ഉത്തരവിനാലോ;

(ഗ) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ 33 ക വകുപ്പ് പ്രകാരം ഒരു ബോർഡ് പുറപ്പെടുവിച്ച നിർദ്ദേശങ്ങളാലോ,

സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക്, 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ ഹരിത ട്രിബ്യൂണലിന്, ആ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.".

ഭാഗം II

## 1977-ലെ ദി വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) സെസ്സ് ആക്റ്റിനുള്ള ഭേദഗതി

(1977-ലെ 36)

*13-ാം വകുപ്പിന്റെ ഭേദഗതി.*

1. 13-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൽ, "അന്തിമമായിരിക്കുന്നതാണ്", എന്ന വാക്കുകൾക്കുപകരം, "13 ക വകുപ്പ് പ്രകാരം യാതൊരു അപ്പീലും ഫയൽ ചെയ്തിട്ടില്ലെങ്കിൽ, അന്തിമമായിരിക്കുന്നതാണ്" എന്ന വാക്കുകളും അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്.

*13ക എന്ന പുതിയ വകുപ്പിന്റെ കൂട്ടിച്ചേർക്കൽ.*

2. 13-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

*ദേശീയ ഹരിത ട്രിബ്യൂണലിലേക്കുള്ള അപ്പീൽ.*

"13ക. 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ 13-ാം വകുപ്പ് പ്രകാരം അപ്പീലധികാരസ്ഥാനം പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ തീരുമാനത്താലോ സങ്കടക്കാരനായ ഏതെങ്കിലും ആളിന്, 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ ഹരിത ട്രിബ്യൂണലിലേക്ക്, ആ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.".

ഭാഗം III

## 1980-ലെ ദി ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റിനുള്ള ഭേദഗതി

(1980-ലെ 69)

2-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:— *2ക എന്ന പുതിയ വകുപ്പിന്റെ കൂട്ടിച്ചേർക്കൽ.*

"2ക. 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ 2-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാരോ മറ്റ് അധികാരസ്ഥാനമോ പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ തീരുമാനത്താലോ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക്, 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ ഹരിത ട്രിബ്യൂണലിലേക്ക്, ആ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.". *ദേശീയ ഹരിത ട്രിബ്യൂണലിലേക്കുള്ള അപ്പീൽ.*

ഭാഗം IV

## 1981-ലെ ദി എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്റ്റിനുള്ള ഭേദഗതി

(1981-ലെ 14)

"31ക. വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:— *31ഖ എന്ന പുതിയ വകുപ്പിന്റെ കൂട്ടിച്ചേർക്കൽ.*

"31ഖ. 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ 31-ാം വകുപ്പ് പ്രകാരം അപ്പീൽ അധികാരസ്ഥാനം പുറപ്പെടുവിച്ച ഒരു ഉത്തരവിനാലോ തീരുമാനത്താലോ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക്, 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ ഹരിത ട്രിബ്യൂണലിലേക്ക്, ആ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.". *ദേശീയ ഹരിത ട്രിബ്യൂണലിലേക്കുള്ള അപ്പീൽ.*

ഭാഗം V

## 1986-ലെ ദി എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്റ്റിനുള്ള ഭേദഗതി

(1986-ലെ 29)

5-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:— *5ക എന്ന പുതിയ വകുപ്പിന്റെ കൂട്ടിച്ചേർക്കൽ.*

"5ക. 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ 5-ാം വകുപ്പ് പ്രകാരം നൽകിയ ഏതെങ്കിലും നിർദ്ദേശങ്ങളാൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്ക് 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ ഹരിത ട്രിബ്യൂണലിലേക്ക്, ആ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.". *ദേശീയ ഹരിത ട്രിബ്യൂണലിലേക്കുള്ള അപ്പീൽ.*

## ഭാഗം VI

## 2002-ലെ ദി ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്റ്റിനുള്ള ഭേദഗതി

(2003-ലെ 18)

*52-ാം വകുപ്പിന്റെ ഭേദഗതി.*

1. 52-ാം വകുപ്പിൽ, പരിമിതിവ്യവസ്ഥയ്ക്ക് ശേഷം, താഴെ പറയുന്ന പരിമിതിവ്യവസ്ഥകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലും അതുമുതൽക്കും ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും ബാധകമാകുന്നതല്ല:

എന്നിരുന്നാലും 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് ഹൈക്കോടതി മുൻപാകെ നിലവിലുള്ള ഏതെങ്കിലും അപ്പീൽ, 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം ദേശീയ ഹരിത ട്രിബ്യൂണൽ സ്ഥാപിക്കപ്പെട്ടിരുന്നില്ല എന്നതുപോലെ ഹൈക്കോടതിയാൽ കേൾക്കപ്പെടുകയും തീർപ്പാക്കപ്പെടുകയും ചെയ്യുന്നത് തുടരേണ്ടതാണ്.".

*52ക എന്ന പുതിയ വകുപ്പിന്റെ കൂട്ടിച്ചേർക്കൽ.*

2. 52-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

*ദേശീയ ഹരിത ട്രിബ്യൂണലിലേക്കുള്ള അപ്പീൽ.*

"52ക. 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ പ്രാരംഭത്തിലോ അതിനുശേഷമോ ഈ ആക്റ്റ് പ്രകാരം നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റിയുടെയോ ഒരു സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെയോ ഏതെങ്കിലും ആനുകൂല്യം വീതം വയ്ക്കൽ തീരുമാനത്താലോ ഉത്തരവിനാലോ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആളിന്, 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം സ്ഥാപിച്ച ദേശീയ ഹരിത ട്രിബ്യൂണലിലേക്ക്, ആ ആക്റ്റിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഒരു അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.".